LAITY VOICE

2013 SEPTEMBER VOLUME: 4 NO: 3 E-mail: laityvoice@gmail.com



# ശുശ്രൂഷ മുഖമുദ്രയായ സമൂഹമാകാൻ സീറോ മലബാർ സിനഡിന്റെ ആഹ്വാനം

ശുശ്രൂഷയിൽ കേന്ദ്രീകൃതമായ ഒരു സമൂഹമാകാൻ ആഹ്വാനം ചെയ്തുകൊണ്ട് ആഗസ്റ്റ് 19 മുതൽ 31 വരെ നീണ്ട സീറോ-മലബാർ മെത്രാൻമാരുടെ സിനഡ് സമാപിച്ചു. 47 മെത്രാന്മാർ സിനഡിൽ പങ്കെടുത്തു. ജീവിതശൈലി, സമീപനങ്ങൾ, ഭാഷ എന്നിവയിൽ സഭയിൽ കൂടുതൽ ലാളിത്യമുണ്ടാകണമെന്ന് പിതാക്കന്മാർ നിർദ്ദേശിച്ചു. സഭാ സ്ഥാപനങ്ങൾ ക്രിസ്തുജീവിതം ഉദ്ഘോഷിക്കാനുള്ള ഉപകരണങ്ങളായി മാറ്റാനും പ്രതിജ്ഞാബദ്ധമാണ്.

നാടിന്റെ നാനാഭാഗങ്ങളിൽ വലിയ മഴയെത്തുടർന്നുണ്ടായ നാശനഷ്ടത്തിൽ ജനങ്ങളുടെ പ്രയാസങ്ങളിൽ ഐക്യദാർഢ്യം സിനഡ് പ്രഖ്യാപിച്ചു. കഴിയുന്ന എല്ലാ സഹായവും കഷ്ട നഷ്ടങ്ങളുണ്ടായവർക്ക് ചെയ്തു കൊടുക്കാൻ മേജർ ആർച്ചുബിഷപ് കാർഡിനൽ ജോർജ് ആലഞ്ചേരിയുടെ നേതൃത്വത്തിൽ നടന്ന സിനഡ് തീരുമാനിച്ചു.

സഭയുടെ ശുശ്രൂഷയിലെ ഏറ്റവും പ്രധാനമായ ഒരു മേഖലയാണ് വിദ്യാഭ്യാസം. എയ്ഡഡ് വിദ്യാഭ്യാസ മേഖലയെ എല്ലാ വിധത്തിലും പ്രോത്സാഹിപ്പിക്കാനുള്ള പരിശ്രമം ഉണ്ടാകണമെന്ന് സിനഡ് അഭ്യർത്ഥിച്ചു. പാർശ്വവത്കരിക്കപ്പെട്ടവരോട് ഐക്യപ്പെടാനും, സമുദായ സൗഹാർദ്ദം വളർത്താനും പറ്റിയ മണ്ഡലമായി എയ്ഡഡ് വിദ്യാഭ്യാസ മേഖലയെ കാണുന്നു. അതുകൊണ്ട് അതിനുവേണ്ട പ്രധാന്യത്തോടെ വളരാൻ നടപടികൾ വേണ്ടിയിരിക്കുന്നു.

സഭയുടെ ആരാധനക്രമത്തെക്കുറിച്ച് ഉണ്ടായ ചർച്ചയിൽ എല്ലാ വിശ്വാസികൾക്ക് ആരാധന കൂടുതൽ അനുഭവവേദ്യമായി മാറ്റുവാൻ തക്കവിധം ആരാധനാനുഷ്ഠാനങ്ങൾ രൂപപ്പെടുത്താൻ സിനഡിൽ തത്ത്വത്തിൽ അംഗീകാരമായി. ആരാധനാനുഭവം ജീവിതത്തെ ധന്യമാക്കുന്ന വിധത്തിൽ ചിട്ടപ്പെടുത്തുന്ന നടപടികൾ സിനഡിന്റെ പ്രധാന ഉത്തരവമാദിത്വമാണെന്നു വിലയിരുത്തപ്പെട്ടു.

കേരളത്തിനു പുറത്തും വിദേശത്തും കഴിയുന്ന പ്രവാസികൾക്ക് സാമ്പത്തിക അരാജകത്വവും ചിലപ്പോഴെങ്കിലും മാനുഷികമല്ലാത്ത തൊഴിൽ ജീവിത സാഹചര്യങ്ങളും മൂലം ജീവിതത്തിൽ നിറം കെടുന്നു എന്ന് സിനഡ് നിരീക്ഷിച്ചു. സിനഡിന്റെ പ്രവാസികൾക്കുള്ള കമ്മീഷൻ അവർക്ക് താങ്ങും തണലുമാകാൻ ചുമതലപ്പെടുത്തി. പ്രവാസികൾക്കു വേണ്ടി മാത്രം പ്രവർത്തിക്കാൻ കൊച്ചി കേന്ദ്രമാക്കി ഒരു ഓഫീസ് തുറക്കാനും തീരുമാനിച്ചു. പ്രവാസികളുടെ ഗ്ലോബൽ മീറ്റ് അവർക്ക് സഭയുമായും പരസ്പരവും ഒന്നിച്ചുകൂടാൻ സുവർണാവസരമാകുന്നു എന്ന് സിനഡ് പരിഗണിക്കുന്നു.

മാറി വരുന്ന കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ പ്രാപ്തരായ വൈദികരെ പരിശീലിപ്പിക്കേണ്ട ആവശ്യകത ചർച്ച ചെയ്തു. സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ സെമിനാരിക്കാർക്ക് സാധിക്കണം. മാനവശേഷി വികസനത്തിൽ സെമിനാരിക്കാർ നിരന്തരമായി പരിശീലിപ്പിക്കപ്പെടണം.

600 വനിതകൾ ഒരുമിച്ചു കൂടിയ വനിതാ ഫോറത്തിന്റെ മീറ്റിംഗിൽ ബിഷപ്പുമാർ പങ്കെടുത്തു. വിശ്വാസ ജീവിതത്തിൽ സ്ത്രീകൾക്കുള്ള പ്രഥമ സ്ഥാനം സിനഡ് ഊന്നിപ്പറഞ്ഞു. വിവാഹ ജീവിതത്തിനായി യുവജനങ്ങളെ ഒരുക്കുന്നതിന് വിവാഹത്തിനു മുമ്പുള്ള കോഴ്സിനു പുറമെ വിവാഹത്തിനു ശേഷവും ആവശ്യമായ സമയങ്ങളിൽ ഉചിതമായ പരിശീലനങ്ങൾ വിവാഹ വിശ്വസ്തതയ്ക്കും കുടുംബജീവിതത്തിന്റെ സന്തുഷ്ടിക്കും ആവശ്യമാണെന്നും അതിനുള്ള നടപടികൾ സ്വീകരിക്കാൻ ഫാമിലി അപ്പസ്തോലേറ്റ് ഡിപ്പാർട്ട്മെന്റുകൾ മുന്നോട്ടു വരണമെന്നും സിനഡ് ആഹ്വാനം ചെയ്യുന്നു.

പുനഃസംഘടിപ്പിക്കപ്പെട്ട കത്തോലിക്കാ കോൺഗ്രസ് സീറോ-മലബാർ സഭയുടെ അല്മായ ശബ്ദമായിരിക്കണമെന്ന് സിനഡ് ആവശ്യപ്പെട്ടു. കക്ഷി രാഷ്ട്രീയത്തിനതീതമായി പൊതുനന്മയ്ക്കായി നിലകൊള്ളണമെന്ന് സിനഡ് പ്രസ്തുത സംഘടനയോട് നിർദ്ദേശിച്ചു.

ഭാരതത്തിൽ തുടർന്നുവരുന്ന സമ്പത്തിക മേഖലയിലെ അസ്വസ്ഥതകളിൽ സിനഡ് ആകാംക്ഷ പ്രകടിപ്പിച്ചു. അവശവിഭാഗങ്ങൾക്ക് പ്രത്യേകിച്ച് ദളിത് സമൂഹങ്ങൾക്ക് വർഷങ്ങളായി നീതി നിഷേധിക്കപ്പെടുന്ന ദളിത് ക്രൈസ്തവരുടെ രോദനം, കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇനിയും ശ്രവിക്കാത്തതിൽ സിനഡ് ആശങ്ക രേഖപ്പെടുത്തി.

സഭയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണയും സാമ്പത്തിക സഹകരണവും നല്കുന്ന സഭാ മക്കൾക്ക് സിനഡ് പിതാക്കന്മാർ നന്ദി രേഖപ്പെടുത്തി. സഭയുടെ ശുശ്രൂഷാ മേഖലകൾ കൂടുതൽ വിപുലമായി കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ വ്യക്തികളും സ്ഥാപനങ്ങളും സഹായവുമായി മുന്നോട്ടു വരുന്നത് ശുഭോതർക്കമാണെന്ന് സിനഡ് നിരീക്ഷിച്ചു.

26 ലക്ഷത്തോളം വരുന്ന അന്യ സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്. അവരുടെ ജീവിത സൗകര്യങ്ങൾ വളരെ പരിമിതവുമാണ്. പ്രവാ

(ശേഷം മൂന്നാം പേജിൽ)

വചനാധിഷ്ഠിതമായ..... 7
വിശ്വാസപരിശീലനം..... 9
സുവിശേഷവത്കരണ..... 10

## എഡിറ്റോറിയൽ

**ജനങ്ങളെയും ജനകീയ പ്രശ്നങ്ങളെയും മറന്ന്, ജനജീവിതം സ്തംഭിപ്പിച്ചും ഉത്തരവാദിത്വങ്ങളിൽനിന്ന് ഒളിച്ചോടിയും രാഷ്ട്രീയ ഭരണനേതൃത്വങ്ങൾ നിരന്തരം നടത്തുന്ന ആക്ഷേപ അവഹേളനങ്ങൾക്കു മുമ്പിൽ നിസംഗതരായി നിൽക്കുകയാണ് വേദനയോടെ ഈ സമൂഹം.**




ഇവിടെ ലെയ്റ്റി വോയ്സ് പങ്കുവെയ്യ്ക്കുന്നത് ഒരു ജനതയുടെ ഹൃദയനൊമ്പരങ്ങളും തേങ്ങലുകളുമാണ്. വിവാദങ്ങൾക്ക് കുടപിടിച്ച് സമൂഹത്തോടുള്ള ഉത്തരവാദിത്വങ്ങൾ മറക്കുന്ന ജനനേതാക്കളോടുള്ള എളിയ അഭ്യർത്ഥനയാണിത്. അധികാരത്തിലേറുവാനും, അള്ളിപ്പിടിച്ചിരിക്കു വാനും, അധികരത്തിൽ നിന്നു പുറത്തിറക്കുവാനും ആദർശവും അന്തസും അഭിമാനവും വലിച്ചെറിഞ്ഞ് ഏതു ഹീനമാർഗ്ഗവും സ്വീകരിക്കുന്ന രാഷ്ട്രീയ ചാണക്യതന്ത്രങ്ങളുടെ മറവിൽ മോഹനവാഗ്ദാനങ്ങളും പ്രതീക്ഷകളും നൽകി പൊതുസമൂഹത്തെ നിരന്തരം വിഢികളാക്കി നാടുചുറ്റുന്നവരോട്, നിയമം അനുവദിക്കുന്നില്ല എന്ന ഒറ്റക്കാരണത്താൽ അവിവേകം കാണിക്കാൻ നിവൃത്തിയില്ലാതെ ഗതികെട്ട അവസ്ഥയിൽ കഴിയുന്ന ജനസമൂഹത്തിന്റെ രോഷമായും ഈ കുറിപ്പുകൾ കണക്കാക്കാം.

ജനാധിപത്യ രാജ്യത്തെ രാഷ്ട്രീയ ഭരണനേതൃത്വങ്ങൾ അത്രമാത്രം സാസ്കാരിക അധഃപതനത്തിന്റെ നെടുംകയത്തിലാണിന്ന്. ജനങ്ങളെയും ജനകീയ പ്രശ്നങ്ങളെയും മറന്ന്, ജനജീവിതം സ്തംഭിപ്പിച്ചും ഉത്തരവാദിത്വങ്ങളിൽനിന്ന് ഒളിച്ചോടിയും രാഷ്ട്രീയ ഭരണനേതൃത്വങ്ങൾ നിരന്തരം നടത്തുന്ന ആക്ഷേപ അവഹേളനങ്ങൾക്കു മുമ്പിൽ നിസംഗതരായി നിൽക്കുകയാണ് വേദനയോടെ ഈ സമൂഹം.

നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയർന്ന് ജനജീവിതം ദുരിതമേറുന്നു. വിലക്കയറ്റം സാധാരണ ജനങ്ങളെ കൊലക്കയറിലേയ്ക്ക് തള്ളിവിടുമ്പോഴും അശ്ലീലതയും അപമാനമേറുന്നതുമായ വിഷയങ്ങൾ കൊട്ടിഘോഷിച്ചു നടക്കുകയും അന്താരാഷ്ട്ര വിഷയങ്ങളേക്കുറിച്ചു വാതോരാതെ സംസാരിക്കുകയും ചെയ്യുന്ന ജനനേതൃത്വങ്ങളെ എഴുന്നള്ളിച്ചുകൊണ്ടു നടക്കുന്നതിൽ നമുക്ക് ലജ്ജ തോന്നുന്നില്ലേ? കാലവർഷക്കെടുതിയുടെ തുടർച്ചയായി ഇന്നും ദുരിതങ്ങൾ ഏറ്റുവാങ്ങുന്നവർ ഏറെ. കുണ്ടും കുഴിയുമായി സഞ്ചാരം വഴിമുട്ടുന്ന റോഡുകൾ. വേനൽക്കാലത്തിന്റെ രൂക്ഷതയിൽ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചത് ഉൾക്കൊണ്ട കേരള സമൂഹം മഴക്കാലത്ത് ഡാമുകൾ നിറഞ്ഞ് വൈദ്യുതി ഉല്പാദനം കൂടിയിട്ടും സബ്സിഡികൾ എടുത്തുകളഞ്ഞ് പിന്നെയും നിരക്ക് കൂട്ടുന്ന ഭരണത്തെ എന്തുവിളിക്കണം? കെട്ടിടനികുതിയും വെള്ളക്കരവും ഭീമമായി വർദ്ധിച്ചു. തുടർച്ചയായ മഴമൂലം കേരളത്തിലെ താഴ്ന്ന പ്രദേശമാകെ ദിവസങ്ങളോളം വെള്ളത്തി ലായിരുന്നു. മലമ്പ്രദേശങ്ങളിൽ ഉരുൾപൊട്ടൽ ഇനിയും ആവർത്തിക്കാം. ജലനിരപ്പ് ഉയരുന്നതുമൂലം മുല്ലപ്പെരിയാർ ഡാം ഉയർത്തുന്ന ഭീഷണിയിൽ ലക്ഷക്കണക്കിന് ജനങ്ങൾ വർഷങ്ങളായി ആശങ്കയിലാണ്. പനിയും പകർച്ചവ്യാധിയും പട്ടിണിയും മൂലം ഗ്രാമീണജനജീവിതം നരകതുല്യമായിരിക്കുന്നു. ജീവൻസംരക്ഷണ മരുന്നുകളുടെയും നിത്യോപയോഗ ഭക്ഷ്യസാധനങ്ങളുടെയും ലഭ്യത കുറഞ്ഞിരിക്കുക മാത്രമല്ല വില വർദ്ധനവ് നിയന്ത്രിക്കുവാൻ നടപടികൾ ഒന്നുമില്ല. സർക്കാരിന്റെ ഭക്ഷ്യ പൊതുവിതരണ സംവിധാനം പരാജയപ്പെട്ടിരിക്കുന്നു. കാർഷിക മേഖലയും വൻതകർച്ചയിലാണ്. ഉദ്യോഗസ്ഥരൊഴികെയുള്ള സാധാരണ ജനങ്ങളുടെ വരുമാന മാർഗ്ഗങ്ങൾ ഒന്നാകെ നിലച്ചിരിക്കുന്നു.

ഭക്ഷ്യസുരക്ഷാ ബിൽ അവതരിപ്പിച്ച് തെരഞ്ഞെടുപ്പിനെ നേരിടുവാൻ തയ്യാറെടുക്കുന്ന കേന്ദ്ര സർക്കാരിന്റെ ശ്രമങ്ങളെ ജനം സംശയത്തോടെയാണ് വീക്ഷിക്കുന്നത്. പട്ടിണിപ്പാവങ്ങളുടെ വിശപ്പകറ്റി അവരുടെ ഹൃദയം കീഴടക്കി, അധികാരത്തിലേറുവാനുള്ള ആയുധമാക്കാം എന്നതിനപ്പുറം യാതൊരു ആത്മാർത്ഥതയും ഭക്ഷ്യസുരക്ഷാ ബില്ലിനില്ലെന്നുള്ളത് ചിന്തിക്കുന്ന ജനത്തിനറിയാം. ഉദ്ഘാടന മാമാങ്കങ്ങൾക്കും പത്രപ്പരസ്യങ്ങൾക്കുമപ്പുറം ഭക്ഷ്യമോ സുരക്ഷയോ നടപ്പിലാകില്ല എന്ന യാഥാർത്ഥ്യത്തിലേയ്ക്ക് മുൻകാല അനുഭവങ്ങൾ നമ്മെ നയിക്കുന്നു.

സ്വാതന്ത്ര്യത്തിന്റെ 66 വർഷങ്ങൾ പിന്നിട്ടിട്ടും അരനൂറ്റാണ്ടിലേറെ രാജ്യം ഭരിച്ചവർക്ക് 2014 ലെ പൊതുതെരഞ്ഞെടുപ്പിന് തൊട്ടുമുമ്പാണ് നാട്ടിൽ ഇപ്പോഴും പട്ടിണിയുണ്ടെന്ന് ബോധ്യപ്പെട്ടതുപോലും. "*GARIBI HATAO*' എന്ന മുദ്രാവാക്യമുയർത്തി രാജ്യത്തെ മുന്നോട്ടുനയിച്ച മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ദീർഘകാല ഭരണത്തിനോ ഭരണ പ്രതിസന്ധിഘട്ടത്തിൽ രാജ്യത്തു പ്രഖ്യാപിച്ച അടിയന്തിരാവസ്ഥയ്ക്കോ നാട്ടിലെ പട്ടിണിയകറ്റാനായില്ലെന്നത് കൺമുമ്പിൽ കാണുന്ന സത്യമാണ്. അതിനാൽ തന്നെ, മൻമോഹൻ സിംഗ് സർക്കാരിന്റെ ഭക്ഷ്യസുരക്ഷാ നിയമം പൊതുതെരഞ്ഞെടുപ്പിനു മുമ്പുള്ള രാഷ്ട്രീയ നാടകമായി കാണുന്നതിൽ തെറ്റുണ്ടോ? രാജ്യം വലിയൊരു സാമ്പത്തിക പ്രതിസന്ധിയുടെ വക്കിലാണെന്നുള്ള റിപ്പോർട്ടുകൾ തുടർച്ചയായി പുറത്തുവന്നുകൊണ്ടിരിക്കുന്നു. അഴിമതിക്കഥകളും, ഭരണകെടുകാര്യസ്ഥതയും, വൈകല്യങ്ങളും ചിന്തിക്കുന്ന ജനങ്ങളിൽ സർക്കാരിനു നേരെ വലിയ എതിർപ്പും രോഷവും ഉയരുന്നുണ്ട്. ഇതിനെ അതിജീവിക്കാനും ജനങ്ങളെ പമ്പരവിഢികളാക്കി അധികാരത്തിലേറുവാനുമുള്ള ചെപ്പടിവിദ്യയ്ക്കപ്പുറം ഫലപ്രദമായ നടപടികൾ ഒന്നും കേന്ദ്രസർക്കാരിൽ നിന്നും പ്രതീക്ഷിക്കാനാവില്ല. മുൻകാല അനുഭവങ്ങൾ നൽകുന്ന പാഠവും ഇതുതന്നെ. 2008 നവംബർ 20ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഇടുക്കി പാക്കേജ്, കുട്ടനാട്ടിലെ കർഷകരക്ഷയ്ക്കായി പ്രഖ്യാപിച്ച കുട്ടനാട് പാക്കേജ് എന്നിവ

(ശേഷം അടുത്ത പേജിൽ)



**സ്വാതന്ത്ര്യത്തിന്റെ 66 വർഷങ്ങൾ പിന്നിട്ടിട്ടും അരനൂറ്റാണ്ടിലേറെ രാജ്യം ഭരിച്ചവർക്ക് 2014 ലെ പൊതുതെരഞ്ഞെടുപ്പിന് തൊട്ടുമുമ്പാണ് നാട്ടിൽ ഇപ്പോഴും പട്ടിണിയുണ്ടെന്ന് ബോധ്യപ്പെട്ടതുപോലും. "*GARIBI HATAO*' എന്ന മുദ്രാവാക്യമുയർത്തി രാജ്യത്തെ മുന്നോട്ടുനയിച്ച മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ദീർഘകാല ഭരണത്തിനോ ഭരണ പ്രതിസന്ധിഘട്ടത്തിൽ രാജ്യത്തു പ്രഖ്യാപിച്ച അടിയന്തിരാവസ്ഥയ്ക്കോ നാട്ടിലെ പട്ടിണിയകറ്റാനായില്ലെന്നത് കൺമുമ്പിൽ കാണുന്ന സത്യമാണ്. അതിനാൽ തന്നെ, മൻമോഹൻസിംഗ് സർക്കാരിന്റെ ഭക്ഷ്യസുരക്ഷാ നിയമം പൊതുതെരഞ്ഞെടുപ്പിനു മുമ്പുള്ള രാഷ്ട്രീയ നാടകമായി കാണുന്നതിൽ തെറ്റുണ്ടോ?**

യൊക്കെ എങ്ങനെ നടപ്പാക്കിയെന്നും എന്തു നടപ്പാക്കിയെന്നും നമുക്കറിയാം. വാഗ്ദാനങ്ങളും പ്രസ്താവനകളും നടത്തി ജനമനഃസാക്ഷിയെ വിലയ്ക്കുവാങ്ങുന്ന രാഷ്ട്രീയ തന്ത്രങ്ങൾക്ക് തടയിടുവാനുള്ള ഉൾക്കരുത്തും ബോധ്യവും അതിലുപരി തന്റേടവും ഈ സാക്ഷരസമൂഹത്തിനുണ്ടാകണം.

ഗർഭിണികൾക്കും, പോഷകാഹാരക്കുറവ് നേരിടുന്ന അമ്മമാർക്കും, ആറുമാസത്തിനും ആറുവയസ്സിനുമിടയിൽ പ്രായമുള്ള കുട്ടികൾക്കും ഭക്ഷണം ഉറപ്പാക്കുകയും സൗജന്യ റേഷൻ അനുവദിക്കുകയും ചെയ്യുന്ന പദ്ധതി സമുദായം സ്വാഗതം ചെയ്യുകയും സാമൂഹിക പ്രതിബദ്ധത മുന്നിൽ കണ്ടുകൊണ്ട് സഹകരിക്കുകയും ചെയ്യും.

പ്രതിദിനം 33 രൂപ സ്വന്തമായുള്ളവർ ദാരിദ്ര്യരേഖയ്ക്കു മുകളിലാണെന്നുള്ള ആസൂത്രണ കമ്മീഷന്റെ ദാരിദ്ര്യ നിർവചനം ഞെട്ടിക്കുന്നതാണ്. ഭക്ഷ്യസുരക്ഷയെക്കുറിച്ച് കൊട്ടിഘോഷിക്കുമ്പോഴും സർക്കാരിന്റെ ദാരിദ്ര്യരേഖ നിർണ്ണയത്തിന് യാഥാർത്ഥ്യങ്ങളുമായി യാതൊരു ബന്ധവുമില്ലെന്നുള്ളതാണ് വാസ്തവം. സർക്കാർ കണക്കുപ്രകാരം 26.93 കോടി ജനങ്ങളാണ് ദാരിദ്ര്യ ജനകീയ വിഷയങ്ങളെയും മറന്ന് ജനപ്രതിനിധികളുടെ ശമ്പളവർദ്ധനവിനായി ഒറ്റക്കെട്ടായി വാദിച്ച് വിജയിച്ച് കെട്ടിപ്പിടിച്ച് ഉമ്മവെച്ച വ്യത്യസ്ത ആശയ ആദർശ പ്രസ്ഥാനങ്ങളാണ് നമ്മെ നയിക്കുന്നതും ഭരിക്കുന്നതും.

ജനകീയവിഷയങ്ങളിൽ നിന്ന് ഒളിച്ചോടി ചില്ലുകൊട്ടാരങ്ങളിലിരുന്ന് നാടുസേവിക്കുന്നവരുടെ പൊയ്മുഖങ്ങൾ വലിച്ചുകീറേണ്ടതുതന്നെ. കഴുത്തിനു ചുറ്റും നാക്കുമായി നാടുചുറ്റുന്ന ആക്ഷേപ അവഹേളനത്തിന്റെ അവതാരങ്ങളെ ചങ്ങലയ്ക്കിടുവാൻ നമുക്കാ

**ജനങ്ങളെ മറന്നുള്ള ജനാധിപത്യം; ജനാധിപത്യത്തെ വിലയ്ക്കെടുക്കുന്ന പണാധിപത്യം!! ഇവയ്ക്കിടയിൽ നിന്ന് രക്തം കുടിച്ചുചീർക്കുന്ന ഉദ്യോഗസ്ഥ രാഷ്ട്രീയ സംവിധാനങ്ങൾ. സംഘടിതശക്തിയുടെ കൊടിക്കീഴിൽ അണി നിരക്കാത്ത സാധാരണ ജനങ്ങളുടെ ജീവിതം എന്നും ദുഃഖപൂർണ്ണം. "റോമാസാമ്രാജ്യം കത്തിയെരിയുമ്പോഴും നീറോമാർക്ക് വീണവായന".**



നല്ലതുതന്നെ. ഭക്ഷ്യസുരക്ഷാ നിയമത്തെ ക്രൈസ്തവ സഭ സ്വാഗതം ചെയ്യുന്നത് ദാരിദ്ര്യം സമൂഹത്തിൽ നിന്ന് തുടച്ചുനീക്കണമെന്ന ആത്മാർത്ഥത ഒന്നുകൊണ്ടു മാത്രമാണ്. "Zero poverty" ലക്ഷ്യമാക്കിയുള്ള ശുശ്രൂഷയാണ് സഭയുടെ സാമൂഹ്യപ്രവർത്തനങ്ങളുടെ അടിസ്ഥാനം. പാവങ്ങളെ സഹായിച്ച് അവർക്കായി സേവനം ചെയ്തുകൊണ്ടുള്ള സഭാശുശ്രൂഷകരുടെ പ്രവർത്തനങ്ങൾ വിപ്ലവകരമായ മാറ്റങ്ങൾ പൊതുസമൂഹത്തിൽ വരുത്തുന്നുണ്ടെങ്കിലും ദാരിദ്ര്യത്തെ പൂർണ്ണമായി തുടച്ചുനീക്കുവാൻ നമുക്കായിട്ടില്ല. അതിനാൽ തന്നെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഏതു ശ്രമത്തെയും ക്രൈസ്തവ രേഖയ്ക്കു താഴെയുള്ളത്.

82.2കോടി ജനങ്ങൾക്കാണ് ഭക്ഷ്യസുരക്ഷയുടെ നേട്ടമുണ്ടാകുന്നതെന്ന് മറുവശവും. യാതൊരു ബന്ധവുമില്ലാത്ത ഇത്തരം കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് വിജയത്തിനായി കണക്കുകൂട്ടുന്ന ജാലവിദ്യകൾ പദ്ധതിയുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നു. ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കി യുള്ളതുതന്നെയോ? സർക്കാരിന്റെ ആനുകൂല്യങ്ങളും ജനത്തിന്റെ സഹായങ്ങളും പറ്റുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുത്തുവാൻ നിർദ്ദേശം വന്നപ്പോൾ എല്ലാം മറന്ന് എതിർത്ത രാഷ്ട്രീയ നേതൃത്വങ്ങളുടെ നാടാണിത്. ജനങ്ങളെയും കുന്നില്ലെങ്കിൽ തലമുറകളായി കാത്തുസൂക്ഷിക്കുന്ന സാംസ്കാരിക പൈതൃകത്തെ കുഴിച്ചുമൂടുകയാണ് ചെയ്യുന്നത്. ജനങ്ങളെ മറന്നുള്ള ജനാധിപത്യം; ജനാധിപത്യത്തെ വിലയ്ക്കെടുക്കുന്ന പണാധിപത്യം!! ഇവയ്ക്കിടയിൽ നിന്ന് രക്തം കുടിച്ചുചീർക്കുന്ന ഉദ്യോഗസ്ഥ രാഷ്ട്രീയ സംവിധാനങ്ങൾ. സംഘടിതശക്തിയുടെ കൊടിക്കീഴിൽ അണി നിരക്കാത്ത സാധാരണ ജനങ്ങളുടെ ജീവിതം എന്നും ദുഃഖപൂർണ്ണം. "റോമാസാമ്രാജ്യം കത്തിയെരിയുമ്പോഴും നീറോമാർക്ക് വീണവായന".

**അഡ്വ.വി.സി. സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**

(ഒന്നാം പേജ് തുടർച്ച)

സികൾക്കായി ശബ്ദമുയർത്തുന്ന സഭ തങ്ങളുടെ ഇടയിലെ പ്രവാസികളുടെ കാര്യത്തിൽ ആതിഥ്യ മനോഭാവവും അവർക്ക് അജപാലന ശുശ്രൂഷയും നല്കണമെന്ന് നിർദ്ദേശിച്ചു.

ബോംബെയിലും മഹാരാഷ്ട്രയിലെ സമീപന പ്രദേശങ്ങളിലും കുടിയേറിയ സീറോ-മലബാർ കത്തോലിക്കർക്കുവേണ്ടി 1988 ആഗസ്റ്റ് 24-ന് സ്ഥാപിതമായ കല്യാൺ രൂപത ജൂബിലി ആഘോഷിക്കുന്നതിൽ സിനഡ് ചാരിതാർത്ഥ്യം പ്രകടിപ്പിച്ചു. നവംബർ 10-ാം തീയതി കല്യാണിൽ വച്ച് ജൂബിലി സമാപിക്കുന്നതാണ്. കല്യാൺ രൂപത ബോംബെയിൽ കുടിയേറിയ സീറോ മലബാർ കത്തോലിക്കർക്ക് വലിയ പ്രതീക്ഷയും ആശ്വാസവും പകർന്നുവെന്ന് സിനഡ് അഭിപ്രായപ്പെട്ടു.

പൗരോഹിത്യ സുവർണ ജൂബിലി ആഘോഷിക്കുന്ന തലശേരി ആർച്ചുബിഷപ് ജോർജ് വലിയമറ്റത്തെയും മെത്രാൻപട്ടത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന താമരശേരിയിൽ നിന്നു വിരമിച്ച ബിഷപ് പോൾ ചിറ്റിലപ്പിള്ളിയെയും സിനഡിനിടയിൽ പിതാക്കന്മാർ അനുമോദിച്ചു. മലബാർ മേഖലയിലും കല്യാൺ രൂപതയിലും ഈ രണ്ടു പിതാക്കന്മാരും നല്കിയ നേതൃത്വം അമൂല്യമാണെന്ന് സിനഡ് നിരീക്ഷിച്ചു. ജഗദൽപൂർ വച്ച് സെപ്തംബർ 17-ന് അഭിഷിക്തനാകുന്ന മോൺ. ജോസഫ് കൊല്ലംപറമ്പിലിനും സെപ്തംബർ 21-ന് എറണാകുളത്തു വെച്ച് അഭിഷിക്തനാകുന്ന മോൺ. ജോസ് പുത്തൻവീട്ടിലിനും സിനഡ് അഭിനന്ദനങ്ങൾ അറിയിച്ചു.



എത്യോപ്യയിൽ നെക്കംതെ രൂപതയ്ക്കുവേണ്ടി അഭിഷിക്തനായ ബിഷപ് വർഗീസ് തോട്ടങ്കരയ്ക്ക് സിനഡിൽ സ്വീകരണം നല്കി.

സിനഡിൽ അതിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് വിവിധ കമ്മീഷനിലൂടെയാണ്. കാലാവധി പൂർത്തിയാക്കിയ കമ്മീഷനുകളിലേക്ക് മറ്റു മെത്രാന്മാരെ നിയമിച്ചു.

ഭാരതത്തിലെ കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ 2014 ഫെബ്രുവരി മാസത്തിലെ സമ്മേളനം പാലായിലാണ് നടക്കുന്നത്. *നവീകരിക്കപ്പെട്ട സഭ നവ സമൂഹ സൃഷ്ടിക്ക്* എന്ന വിഷയം ചർച്ച ചെയ്യുന്ന പ്രസ്തുത സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കുന്നതിൽ സിനഡ് സന്തുഷ്ടി പ്രകടിപ്പിച്ചു. സീറോ മലബാർ സഭയുടെ അടുത്ത സിനഡ് 2014 ജനുവരി 7-11 തീയതികളിൽ നടക്കും.



സീറോ മലബാർ സഭ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഇവാഞ്ചലൈസേഷൻ ആൻഡ് പാസ്റ്ററൽ കെയർ ഓഫ് മൈഗ്രന്റ്സ് കമ്മീഷൻ സംഘടിപ്പിച്ച ഗ്ലോബൽ മീറ്റ് 2013 കേന്ദ്ര പ്രവാസികാര്യ വകുപ്പുമന്ത്രി വയലാർ രവി ഉദ്ഘാടനം ചെയ്യുന്നു. ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ, മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ബിഷപ് മാർ ആന്റണി ചിറയത്ത്, മൈഗ്രന്റ്സ് കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് ചെറിയമ്പനാട്ട്, സിസ്റ്റർ ഫ്രാൻസ്ലറ്റ് എന്നിവർ സമീപം.

### പ്രവാസി വിശ്വാസികളുടെ ആഘോഷമായി സീറോ മലബാർ ഗ്ലോബൽ മീറ്റ്

# സാമൂഹ്യസൃഷ്ടിയിൽ കത്തോലിക്കാസഭയ്ക്കു വലിയ പങ്ക്

## കേന്ദ്ര മന്ത്രി വയലാർ രവി

കൊച്ചി: കേരളത്തിന്റെ സാമൂഹ്യസൃഷ്ടിയിൽ കത്തോലിക്കാസഭയും പ്രത്യേകമായി സീറോ മലബാർ സഭയും വഹിച്ച പങ്ക് വിലപ്പെട്ടതാണെന്നു കേന്ദ്ര പ്രവാസികാര്യ വകുപ്പുമന്ത്രി വയലാർ രവി. സീറോ മലബാർ സഭ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ഗ്ലോബൽ മീറ്റ് 2013 ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

അസമത്വവും അരാജകത്വവും അനീതിയും നിറഞ്ഞുനിന്നിരുന്ന കാലഘട്ടത്തിൽ വിദ്യാഭ്യാസത്തിലൂടെ ചിന്താശേഷിയുള്ള തലമുറയെ സൃഷ്ടിക്കുന്നതിലും സാമൂഹ്യമനസാക്ഷി രൂപപ്പെടുത്തുന്നതിലും കത്തോലിക്കാസഭ വലിയ പങ്കുവഹിച്ചു. പള്ളികളോടൊപ്പം പള്ളിക്കൂടങ്ങൾ തുടങ്ങിയ സഭ വലിയ സാമൂഹ്യവിപ്ലവത്തിനാണു നാന്ദി കുറിച്ചത്. സങ്കുചിത താത്പര്യങ്ങൾക്കപ്പുറം സമൂഹത്തെ മുഴുവൻ ഒന്നായി കാണുന്ന വിശാലമായ കാഴ്ചപ്പാടാണ് കേരളത്തിൽ സഭഎക്കാലത്തും ഉയർത്തിപ്പിടിച്ചിട്ടുള്ളതെന്നതു അഭിമാനകരമാണ്. സമൂഹത്തിന്റെ പൊതുവായ ഐക്യത്തിനും പുരോഗതിക്കും വേണ്ടി സഭ എക്കാലത്തും നിലപാടെടുത്തിട്ടുണ്ട്. അനുയായികളുടെ മുഴുവൻ വിശ്വാസം ആർജിക്കാനും എല്ലാവരെയും കൂട്ടായ്മയിൽ നിലനിർത്താനും സാധിക്കുന്നുവെന്നതു സീറോ മലബാർ സഭാ നേതൃത്വത്തെ ശ്രദ്ധേയമാക്കുന്നതാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സീറോ മലബാർ വിശ്വാസികളെ സഭാകേന്ദ്രത്തിൽ ഒരുമിച്ചു കൂട്ടാനും വിശ്വാസപൈതൃകത്തിന്റെ നിറവിൽ കോർത്തിണക്കാനും ഗ്ലോബൽ മീറ്റ് ഇടയാക്കിയിട്ടുണ്ടെന്നും വയലാർ രവി പറഞ്ഞു.

മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുഗ്രഹപ്രഭാഷണം നടത്തി. കമ്മീഷൻ ചെയർമാൻ ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ, സാഗർ രൂപത ബിഷപ് മാർ ആന്റണി ചിറയത്ത് എന്നിവർ പ്രസംഗിച്ചു..



നവസുവിശേഷവത്കരണത്തിൽ സീറോ മലബാർ പ്രവാസി വിശ്വാസികളുടെ പങ്ക് എന്ന വിഷയത്തിൽ കൂരിയ ബിഷപ് മാർ ബോസ്കോ പുത്തൂർ പ്രഭാഷണം നടത്തി. എസ്ഡി സഭ സുപ്പീരിയർ ജനറൽ സിസ്റ്റർ സ്മിത വെമ്പിള്ളി മോഡറേറ്ററായി. വിവിധ രാജ്യങ്ങളിലെ സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചു പ്രതിനിധികൾ റിപ്പോർട്ട് അവതരിപ്പിച്ചു. സഭയുടെ വിവിധ കമ്മീഷനുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചു ബിഷപ് മാർ ഗ്രിഗറി കരോട്ടമ്പ്രേൽ, റവ.ഡോ. പോളി മണിയാട്ട്, റവ.ഡോ. പീറ്റർ കണ്ണമ്പുഴ, റവ.ഡോ. ജോസ് പാലക്കീൽ, റവ.ഡോ. ജോർജ് ദാനവേലിൽ, അഡ്വ. വി.സി സെബാസ്റ്റ്യൻ, സിസ്റ്റർ ഫ്രാൻസ്ലറ്റ് എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. ബിഷപ് മാർ തോമസ് ഇലവനാൽ മോഡറേറ്ററായി.

മേജർ ആർച്ച്ബിഷപ്പും സഭയിലെ ഇരുത്തിയഞ്ചോളം മെത്രാന്മാരും പ്രവാസി പ്രതിനിധികളുമായി ആശയവിനിമയം നടത്തി.

സമാപന സമ്മേളനത്തിൽ പ്രവാസി വ്യവസായി എം.എ യൂസഫലി മുഖ്യാതിഥിയായി. മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അധ്യക്ഷത വഹിച്ചു. കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് ചെറിയമ്പനാട്ട്, ഗ്ലോബൽ മീറ്റ് കോ ഓർഡിനേറ്റർ ഡോ. മോഹൻ തോമസ്, അഡ്വ. ബിജു പറയനിലം എന്നിവർ പ്രസംഗിച്ചു. ഇവാഞ്ചലൈസേഷൻ ആൻഡ് പാസ്റ്ററൽ കെയർ ഓഫ് മൈഗ്രന്റ്സ് കമ്മീഷൻ ഡയറക്ടറിയുടെ പ്രകാശനം ചടങ്ങിൽ നടന്നു. അഞ്ചിനു ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേലിന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യബലിയോടെയാണ് ഗ്ലോബൽ മീറ്റ് സമാപിച്ചത്.

**നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. (മത്താ.6:33)**

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

34

## പ്രേഷിതപ്രവർത്തനം

**കഴിഞ്ഞ ലക്കം തുടർച്ച.......**

### 21. അല്മായരുടെ പ്രേഷിതപ്രവൃത്തിക്കു പ്രോത്സാഹനം

**ഹ**യരാർക്കിയോടൊത്ത് തങ്ങളുടെ പേരിനെ അന്വർത്ഥമാക്കത്തക്കവിധം നിലകൊള്ളുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അല്മായരുടെ അഭാവത്തിൽ സഭ യഥാർത്ഥത്തിൽ സ്ഥാപിതമായിരിക്കുകയോ പൂർണ്ണമായി ജീവിക്കുകയോ ജനതാമദ്ധ്യേ ക്രിസ്തുവിന്റെ പൂർണ്ണമായ ഒരടയാളമായി വർത്തിക്കുകയോ ചെയ്യുന്നില്ല. കർമ്മോത്സുകമായ അല്മായരുടെ സാന്നിധ്യം കൂടാതെ ജനങ്ങളുടെ മനസ്സിലും ജീവിതത്തിലും പ്രവൃത്തിയിലും സുവിശേഷം ആഴമായി പതിയുകയില്ല. അതിനാൽ ഒരു സഭയുടെ സ്ഥാപനത്തിൽത്തന്നെ പക്വമതികളായ ക്രൈസ്തവാല്മായരുടെ സമൂഹം കരുപ്പിടിപ്പിക്കുവാൻ സർവ്വശ്രദ്ധയും ചെലുത്തേണ്ടതാണ്.

അല്മായ വിശ്വാസികൾ ഒരേ സമയം പൂർണ്ണാർത്ഥത്തിൽ ദൈവജനത്തിലും പൗരസമൂഹത്തിലും പെട്ടവരാണ്. അവർ ജന്മനാടിന്റെ സ്വന്തമാണ്. തങ്ങളുടെ വിദ്യാഭ്യാസംവഴി അതിന്റെ സംസ്കാരസമ്പത്തിൽ അവർ പങ്കുപറ്റുവാൻ ആരംഭിക്കുന്നു. നിരവധി സാമൂഹിക ബന്ധങ്ങൾവഴി അതിന്റെ ജീവിതത്തോട് അവർ ഏകീഭവിച്ചിരിക്കുന്നു. വിവിധ തൊഴിലുകളുടെ വ്യക്തിപരമായ പരിശ്രമങ്ങളാൽ സ്വരാജ്യപുരോഗതിയിൽ അവർ സഹകരിക്കുന്നുമുണ്ട്. രാജ്യത്തിന്റെ പ്രശ്നങ്ങൾ അവരുടേതായിത്തന്നെ അവർക്കനുഭവപ്പെടുന്നു. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുവാൻ പരിശ്രമിക്കുകയാണവർ. ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും നവീനതയാൽ ക്രിസ്തുവിന്റേതുമാണവർ(1 കോറി.15:23). ക്രിസ്തുവിൽ സർവ്വതും ദൈവത്തിനു കീഴ്പ്പെട്ടിരിക്കുന്നതിനും അങ്ങനെ ദൈവം സകലത്തിലും സകലവും ആകുന്നതിനുംവേണ്ടി വിശ്വാസത്താലും മാമ്മോദീസായാലും സഭയിൽ പുനർജനനം പ്രാപിച്ചിരിക്കുകയാൽ അവർ ക്രിസ്തുവിന്റേതാണ്.

സ്ത്രീപുരുഷ ഭേദമെന്യേ അല്മായരുടെ പ്രധാന ചുമതല സ്വന്തകുടുംബത്തിലും സാമൂഹ്യമായ ചുറ്റുപാടുകളിലും തൊഴിൽ സാഹചര്യങ്ങളിലുള്ള ജീവിതവും പ്രവർത്തനവും വഴി ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയത്രെ. നീതിയിലും യഥാർത്ഥവിശുദ്ധിയിലും ദൈവഹിതാനുസാരം സൃഷ്ടനായ പുതിയ മനുഷ്യൻ (എഫേ.4:24) അവരിൽ പ്രത്യക്ഷപ്പെടണം. അവരുടെ ദേശീയ പാരമ്പര്യങ്ങൾക്ക് അനുസൃതമായി മാതൃരാജ്യത്തിലെ


**ക്രിസ്തുവിന്റെ അവയവങ്ങളെന്ന നിലയ്ക്ക് സകലമനുഷ്യനോടുമുള്ള തങ്ങളുടെ കടപ്പാടിനെപ്പറ്റി ബോധവാന്മാരാകത്തക്കവിധം അല്മായരെ പരിശീലിപ്പിക്കേണ്ടതാണ്. ക്രിസ്തുവിന്റെ രക്ഷണീയ രഹസ്യത്തെപ്പറ്റി അഗാധമായ ജ്ഞാനം നൽകിക്കൊണ്ട് അവരെ പഠിപ്പിക്കുകയും വിവിധ തരത്തിലുള്ള പ്രായോഗികരീതികളുമായി പരിചയപ്പെടുത്തുകയും വേണം.**


സാമൂഹ്യവും സാംസ്കാരികവുമായ ചട്ടക്കൂട്ടിൽ അവർ ഈ നവജീവൻ പ്രകടിപ്പിക്കണം. ഈ സംസ്കാരവുമായി അവർ ഇടപഴകുകയും വേണം. അതിനെ അവർ വിശുദ്ധീകരിച്ച് സംരക്ഷിക്കുകയും ആധുനിക പരിതസ്ഥിതികൾക്ക് യോജിച്ചവിധത്തിൽ വികസിപ്പിക്കുകയും ക്രിസ്തുവിൽ അതിനെ പൂർണ്ണമാക്കുകയും ചെയ്യണം. അങ്ങനെ ക്രിസ്തുവിലുള്ള വിശ്വാസവും സഭാജീവിതവും സമുദായത്തിൽ വൈദേശികമായി പ്രത്യക്ഷപ്പെടാതെ സംസ്കരിച്ചെടുക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യണം. അവരുടെ ജീവിതസമ്പർക്കത്തിൽ ക്രിസ്തുവിന്റെ രഹസ്യത്തിൽ നിന്നു പുറപ്പെടുന്ന ഐക്യത്തിന്റെയും സാർവ്വത്രികകൂട്ടായ്മയുടെയും നവശൃംഖല പ്രത്യക്ഷപ്പെടുത്തുന്നതിനുവേണ്ടി ആത്മാർത്ഥമായ സ്നേഹത്താൽ പ്രേരിതരായി അവർ തങ്ങളുടെ സഹപൗരന്മാരുമായി ഹൃദയൈക്യത്തിൽ വർത്തിക്കട്ടെ. കൂട്ടജീവിതത്തിന്റെയും തൊഴിലിന്റെയും ശൃംഖലകളാൽ തങ്ങളോടു ബന്ധിതരായവരുടെ ഇടയിൽ അവർ ക്രിസ്തുവിലുള്ള വിശ്വാസം പ്രചരിപ്പിക്കണം. ഇപ്രകാരം തങ്ങളുടെ അയൽക്കാരായ അല്മായരിൽ നിന്നുമാത്രമേ നല്ലൊരുഭാഗം മനുഷ്യർക്ക് സുവിശേഷം ശ്രവിക്കുന്നതിനും ക്രിസ്തുവിനെ സ്വീകരിക്കുന്നതിനും സാധ്യമാകൂ എന്നതിൽ നിന്ന് ഈ കടമയുടെ ഗൗരവം വ്യക്തമാകുന്നുണ്ട്. പാടുള്ളിടത്തോളം ഹയരാർക്കിയുമായി ഏറ്റവും അടുത്ത് സഹകരിച്ചുകൊണ്ട് വികസിച്ചുവരുന്ന സഭയുടെ ജീവചൈതന്യത്തെ ത്വരിതപ്പെടുത്തുന്നതിനും സുവിശേഷം അവതരിപ്പിക്കുന്നതിനും ക്രിസ്തീയതത്വങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള പ്രത്യേക ദൗത്യം നിർവ്വഹിക്കുന്നതിനും അല്മായർ ഒരുങ്ങിയിരിക്കണം.



വൈദികർ കർമ്മനിരതമായ അല്മായപ്രേഷിതത്വത്തെ ഏറ്റവും കാര്യമായി മാനിക്കേണ്ടതാണ്. ക്രിസ്തുവിന്റെ അവയവങ്ങളെന്ന നിലയ്ക്ക് സകലമനുഷ്യനോടുമുള്ള തങ്ങളുടെ കടപ്പാടിനെപ്പറ്റി ബോധവാന്മാരാകത്തക്കവിധം അല്മായരെ പരിശീലിപ്പിക്കേണ്ടതാണ്. ക്രിസ്തുവിന്റെ രക്ഷണീയ രഹസ്യത്തെപ്പറ്റി അഗാധമായ ജ്ഞാനം നൽകിക്കൊണ്ട് അവരെ പഠിപ്പിക്കുകയും വിവിധ തരത്തിലുള്ള പ്രായോഗികരീതികളുമായി പരിചയപ്പെടുത്തുകയും വേണം. സഭയെപ്പറ്റിയുള്ള "ജനതകളുടെ പ്രകാശം", അല്മായരുടെ പ്രേഷിതപ്രവർത്തനങ്ങളെപ്പറ്റിയുള്ള ''അല്മായ പ്രേഷിതത്വം" എന്നീ പ്രമാണരേഖകളുടെ താൽപര്യമനുസരിച്ച് വൈദികർ അവരുടെ വിഷമതകളിൽ പങ്കുചേരേണ്ടതാണ്.

അജപാലകരും അല്മായരും അവരവരുടെ ജീവിതകടമകളും ചുമതലകളും നിർവ്വഹിക്കുന്നതുവഴി ക്രിസ്തുവിൽ നമുക്കു കൈവന്ന രക്ഷയുടെ സുസ്പഷ്ടമായ അടയാളമായിത്തീരേണ്ടതിന് യുവസഭ മുഴുവനും സുദൃഢവും സജീവവുമായ സംയുക്തസാക്ഷ്യം അവിടത്തേയ്ക്കു നൽകേണ്ടിയിരിക്കുന്നു.

### 22. പ്രാദേശികാനുരൂപണങ്ങൾ

ദൈവവചനമാകുന്ന ബീജം ദൈവികമായ മഞ്ഞുതുള്ളിയാൽ നനയ്ക്കപ്പെടുമ്പോൾ നല്ല മണ്ണിൽനിന്ന് മുളയെടുക്കുന്നു. ഈ മണ്ണിൽനിന്ന് ചെടി പോഷകാംശങ്ങൾ വലിച്ചെടുക്കുകയും അതിനെ രൂപാന്തരപ്പെടുത്തി സ്വാത്മീകരിക്കുകയും സമൃദ്ധിയായ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. മനുഷ്യാവതാരപദ്ധതിയനുസരിച്ച് ക്രിസ്തുവിൽ വേരുറച്ചിരിക്കുകയും ശ്ലീഹന്മാരുടെ അടിസ്ഥാനത്തിൻമേൽ പണിയപ്പെട്ടിരിക്കുകയും ചെയ്യുന്ന യുവസഭകൾ അത്ഭുതാവഹമായ കൈമാറ്റത്തിലൂടെ ക്രിസ്തുവിന് തന്റെ അവകാശമായി നൽകപ്പെട്ടിരിക്കുന്ന ജനപദങ്ങളുടെ സമ്പൽസമൃദ്ധിയെല്ലാം സ്വന്തമാക്കുന്നു.

(തുടരും)

നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. (മത്താ.6:33)

## എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാൻ മോൺ.റവ.ഡോ. ജോസ് പുത്തൻവീട്ടിലിന് സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ

# പ്രാർത്ഥനാശംസകൾ



കൊച്ചി: മോൺ.റവ.ഡോ. ജോസ് പുത്തൻവീട്ടിൽ എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാനായി നിയമിക്കപ്പെട്ടു. സീറോ മലബാർ സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിലാണു പുതിയ മെത്രാന്റെ നിയമനം പ്രഖ്യാപിച്ചത്. മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി നിയുക്ത മെത്രാനെ സ്ഥാന ചിഹ്നങ്ങൾ അണിയിച്ചു. ഇതേസമയം വത്തിക്കാനിലും നിയമനവാർത്ത പ്രസിദ്ധപ്പെടുത്തി. ബിഷപ് മാർ തോമസ് ചക്യത്ത് വിരമിച്ച ഒഴിവിലാണു റവ.ഡോ. ജോസ് പുത്തൻവീട്ടിലിന്റെ നിയമനം. മെത്രാഭിഷേകം സെപ്റ്റംബർ 21ന് ഉച്ചയ്ക്കു രണ്ടരയ്ക്ക് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ നടക്കും.

അതിരൂപതാ പ്രോ വികാരി ജനറാളായി സേവനം ചെയ്തുവരുന്ന റവ.ഡോ.ജോസ് പുത്തൻവീട്ടിൽ ഇടപ്പള്ളി പുത്തൻവീട്ടിൽ പരേതനായ ദേവസിയുടെയും മേരിയുടെയും മകനായി 1961 ഏപ്രിൽ നാലിനാണു ജനിച്ചത്. ഏഴു സഹോദരങ്ങളുണ്ട്. ഇടപ്പള്ളി സെന്റ് ജോർജ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1977ൽ തൃക്കാക്കര മൈനർ സെമിനാരിയിൽ ചേർന്നു. മംഗലാപുരം സെന്റ് ജോസഫ് സെമിനാരിയിൽ മേജർ സെമിനാരി പഠനം പൂർത്തിയാക്കി. 1987 ഡിസംബർ 12നു കർദിനാൾ മാർ ആന്റണി പടിയറയിൽനിന്നു പൗരോഹിത്യം സ്വീകരിച്ചു. കാഞ്ഞൂർ, നോർത്ത് തുറവൂർ, മൂക്കന്നൂർ, ഇടവകകളിൽ സഹവികാരിയായും ചുണ്ടി, ചുണങ്ങംവേലി പള്ളികളിൽ വികാരിയായും സേവനം ചെയ്തു.

ബെൽജിയത്തിലെ ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റിയിൽനിന്നു റിലീജിയസ് സ്റ്റഡീസിൽ എംഎ, ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് എന്നിവ സ്വന്തമാക്കിയ റവ.ഡോ.പുത്തൻവീട്ടിൽ വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ സിസ്റ്റമാറ്റിക് തിയോളജി പ്രഫസർ, വൈസ് പ്രസിഡന്റ്, ചുണങ്ങംവേലി നിവേദിത ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലീജിയസ് ഫോർമേഷൻ ആൻഡ് ഫെലോഷിപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ, ഡീൻ ഓഫ് സ്റ്റഡീസ് എന്നീ നിലകളിലും സേവനം ചെയ്തിട്ടുണ്ട്.

മലയാളത്തിനു പുറമേ ഇംഗ്ലീഷ്, ജർമൻ, ഭാഷകളിൽ പാണ്ഡിത്യമുള്ള റവ.ഡോ.പുത്തൻവീട്ടിൽ വിവിധ ഗ്രന്ഥങ്ങളുടെ എഡിറ്ററായിരുന്നു. രണ്ടു വർഷം കർദിനാൾ മാർ ആന്റണി പടിയറയുടെ സെക്രട്ടറിയായും സേവനം ചെയ്തിട്ടുള്ള റവ.ഡോ. പുത്തൻവീട്ടിൽ 2011 മുതൽ അതിരൂപത പ്രോവികാരി ജനറാളാണ്.

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന സീറോ മലബാർ സഭാ സിനഡാണു റവ.ഡോ. പുത്തൻവീട്ടിലിനെ മെത്രാനായി തെരഞ്ഞെടുത്തത്. കൂരിയ ചാൻസലർ റവ.ഡോ.ആന്റണി കൊള്ളന്നൂർ പുതിയ മെത്രാന്റെ നിയമന ഉത്തരവ് വായിച്ചു. മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി നിയുക്തമെത്രാനെ സ്ഥാനചിഹ്നങ്ങളായ മോതിരം, അരപ്പട്ട, കുരിശുമാല എന്നിവയണിയിച്ചു. ഇറ്റലിയിലെ റൂസുബിക്കാരിയാണ് നിയുക്തമെത്രാന്റെ സ്ഥാനികരൂപത. എറണാകുളം -അങ്കമാലി അതിരൂപതയിലെ പന്ത്രണ്ടാമത്തെ മെത്രാനാണ് മോൺ.റവ.ഡോ. പുത്തൻവീട്ടിൽ. ഇതോടെ സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ എണ്ണം 51 ആയി.



## ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെടുന്ന

### ജനപ്രതിനിധികൾ അയോഗ്യർ

ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെടുന്ന ജനപ്രതിനിധികൾ അയോഗ്യരാക്കപ്പെടുമെന്ന വിധി പുനപരിശോധിക്കാൻ സുപ്രീം കോടതി തയാറായില്ല. വിധി പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജി കോടതി തള്ളി. എന്നാൽ പോലീസ് കസ്റ്റഡിയിൽ ഉള്ളവർക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയില്ലെന്ന വിധി പുനപരിശോധിക്കും. വിഷയത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷന് കോടതി നോട്ടീസ് അയച്ചു. നിലവിൽ ശിക്ഷിക്കപ്പെട്ട് മേൽകോടതികളിൽ അപ്പീൽ നൽകിയിട്ടുള്ള എംപിമാർക്കും എംഎൽഎമാർക്കും വിധി ബാധകമല്ല. ജനപ്രതിനിധികൾ ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെട്ടാലും മേൽക്കോടതിയിലെ അപ്പീലിൽ തീർപ്പുണ്ടാകുന്നത് വരെ അയോഗ്യരാക്കപ്പെടുന്നതിൽ നിന്ന് സംരക്ഷണം നൽകിയിരുന്ന ജനപ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥ ഭരണഘടനാ വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു സുപ്രീം കോടതിയുടെ ആദ്യ ഉത്തരവ്. ഈ വിധി പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടാണ് കേന്ദ്ര സർക്കാർ കോടതിയെ സമീപിച്ചത്.

# സീറോ മലബാർ മിഷൻ ബാംഗ്ലൂർ വനിതാഫോറം സമ്മേളനം 2013 ഒക്ടോബർ 2 ന്

സീറോ മലബാർ സഭ ബാംഗ്ലൂർ മിഷന്റെ പേൾ ജൂബിലിയോടനുബന്ധിച്ചുള്ള വനിതാ ഫോറം സമ്മേളനം ഓക്ടോബർ 2 ന് ധർമ്മാരാം സെന്റ് തോമസ് ചർച്ച് ഓഡിറ്റോറിയത്തിൽ. ബാംഗ്ലൂർ മിഷന്റെ കിഴിലുള്ള ഇടവകകളും മിഷൻ സെന്ററുകളുമുൾപ്പെടെ 49 കേന്ദ്രങ്ങളിൽ നിന്ന് 2000-ത്തിലേറെ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്യും. അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ, വനിതാഫോറം ഡയറക്ടർ ഫാ.ജോസഫ് കൊച്ചുപറമ്പിൽ, ദേശീയ പ്രസിഡന്റ് ഡൽസി ലൂക്കാച്ചൻ, ജന.സെക്രട്ടറി ലിസി വർഗീസ്, ട്രഷർ ജിജി ജേക്കബ് എന്നിവർ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുന്നതാണ്.

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**



ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ
പ്രിയോർ ജനറാൾ, സിഎംഐ



# വചനാധിഷ്ഠിതമായ കത്തോലിക്കാ വിശ്വാസം

## ബൈബിളും പാരമ്പര്യവും

ദൈവവചനത്തെ എപ്പോഴും മുറുകെപ്പിടിക്കുന്നതാണു കത്തോലിക്കാ വിശ്വാസം. ദൈവവചനം തന്നെ പറയുന്നതനുസരിച്ച് അപ്പസ്തോലിക പാരമ്പര്യങ്ങളെ അംഗീകരിക്കുന്നതിലും കത്തോലിക്കാ സഭ പിന്നിലല്ല. "വചനം മുഖേനയോ കത്തുമുഖേനയോ നിങ്ങളെ പഠിപ്പിച്ചിട്ടുള്ള പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുകയും അവയിൽ ഉറച്ചുനിൽക്കുകയും ചെയ്യുവിൻ" എന്നാണ് ദൈവവചനം പഠിപ്പിക്കുന്നത് (2.തെസ.2:15). അതുകൊണ്ടു തന്നെയാണു അപ്പസ്തോലിക കാലം മുതൽ കൈമാറ്റം ചെയ്യപ്പെട്ടുകിട്ടിയ പാരമ്പര്യങ്ങൾ കത്തോലിക്കാസഭ വിശ്വസ്തതയോടെ പാലിക്കുന്നത്.

പന്തക്കുസ്താദിനത്തിൽ സഭ ഔദ്യോഗികമായി ആരംഭിച്ചതിനുശേഷം എഴുപതുവർഷത്തോളം വേണ്ടിവന്നു പുതിയ നിയമത്തിലെ പുസ്തകങ്ങൾ പൂർത്തിയാകുവാൻ. ദൈവനിവേശിതമായ ആ ഗ്രന്ഥങ്ങൾ ഉടലെടുത്തതാകട്ടെ ദൈവികപരിപാലനയുടെ തണലിൽ നയിക്കപ്പെട്ട ആദിമസഭയുടെ പാരമ്പര്യത്തിൽ നിന്നുമാണ്.

യേശുവും അപ്പസ്തോലന്മാരും വഴി ലഭിച്ച പഠനങ്ങളുടെയും പാരമ്പര്യത്തിന്റെയും ബലത്തിൽ മുന്നോട്ടുപോയ സഭ എ.ഡി. 393-ലാണ് ബൈബിളിലെ പുസ്തകങ്ങൾ ഔദ്യോഗികമായി ആദ്യം അംഗീകരിച്ചത്.

യേശുവും അപ്പസ്തോലന്മാരും വഴി ലഭിച്ച പഠനങ്ങളുടെയും പാരമ്പര്യത്തിന്റെയും ബലത്തിൽ മുന്നോട്ടുപോയ സഭ എ.ഡി. 393-ലാണ് ബൈബിളിലെ പുസ്തകങ്ങൾ ഔദ്യോഗികമായി ആദ്യം അംഗീകരിച്ചത്. അതായത് മൂന്ന് നൂറ്റാണ്ടുകാലത്തോളം പുതിയ നിയമം ഇല്ലാതെയാണ് സഭയിൽ സുവിശേഷപ്രഘോഷണവും മറ്റും നടത്തിയത്. എന്നുമാത്രമല്ല, ദൈവനിവേശിതമായ ഗ്രന്ഥങ്ങൾ ഏവയെന്നു തീരുമാനിച്ച് അവ ബൈബിളിൽ ഉൾപ്പെടുത്തിയതു സഭയിൽ നിലനിന്ന പാരമ്പര്യവിശ്വാസത്തിന്റെ പശ്ചാത്തലത്തിലായിരുന്നുതാനും. അപ്പോൾപ്പിന്നെ ദൈവവചനം തന്നെ ആദരിക്കുവാൻ പറയുന്ന പാരമ്പര്യങ്ങളെ ആർക്ക് എങ്ങനെ തള്ളിക്കളയാനാകും?

സഭാജീവിതത്തിൽ പാരമ്പര്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചു പൗലോസ് പറയുന്നു: "എന്നിൽ നിന്നു പഠിച്ചതും സ്വീകരിച്ചതും കേട്ടതും എന്നിൽ നിന്നു കണ്ടതും നിങ്ങൾ ചെയ്യുവിൻ. അപ്പോൾ സമാധാനത്തിന്റെ ദൈവം നിങ്ങളുടെകൂടെ ഉണ്ടായിരിക്കും" (ഫിലി.4:9). കത്തുവഴി പഠിപ്പിച്ച കാര്യങ്ങൾ മാത്രമല്ല, അദ്ദേഹം നേരിട്ടും മാതൃക വഴിയും പഠിപ്പിച്ച കാര്യങ്ങൾ പാലിക്കുവാനാണ് പൗലോസ് പറയുന്നത്. തിമോത്തിക്കു പൗലോസ് എഴുതുന്നത് ഇപ്രകാരമാണ്: "നീ എന്നിൽ നിന്നു കേട്ടിട്ടുള്ള നല്ല പ്രബോധനങ്ങൾ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും നീ അനുസരിക്കുക, മാതൃകയാക്കുക. നിന്നെ ഏൽപ്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കാത്തുസൂക്ഷിക്കുക" (2 തിമോ.1:13-14). തിമോത്തിയോടു പൗലോസ് വീണ്ടും പറയുന്നു:"അനേകം സാക്ഷികളുടെ മുമ്പിൽവച്ചു നീ എന്നിൽ നിന്നു കേട്ടവ, മറ്റുള്ളവരേക്കൂടി പഠിപ്പിക്കുവാൻ കഴിവുള്ള വിശ്വസ്തരായ ആളുകൾക്കു പകർന്നുകൊടുക്കുക" (തിമോ 2:2). തെസലോനിക്കക്കാർക്കു അദ്ദേഹം കൊടുക്കുന്ന ഉപദേശവും പാരമ്പര്യങ്ങളുടെ പ്രാധാന്യവും നമ്മെ അനുസ്മരിപ്പിക്കുന്നു: "സഹോദരരേ അവസാനമായി, ഞങ്ങൾ കർത്താവായ യേശുവിൽ നിങ്ങളോടു അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു: ജീവിക്കേണ്ടതും ദൈവത്തെ പ്രീതിപ്പെടുത്തേണ്ടതും എങ്ങനെയെന്നു നിങ്ങൾ ഞങ്ങളിൽ നിന്നു പഠിച്ചു. അതനുസരിച്ച് ഇപ്പോൾ നിങ്ങൾ ജീവിക്കുന്നതുപോലെ ഇനിയും മുന്നേറുവിൻ" (1 തെസ.4:1-2).

കോറിന്തോസ്കാർക്കുള്ള ലേഖനത്തിൽ പൗലോസ് അവരെ അഭിനന്ദിക്കുന്ന ഒരവസരമുണ്ട്. അത് എന്തിനാണെന്നോ? അദ്ദേഹം പറയുന്നു: "എല്ലാ കാര്യങ്ങളിലും നിങ്ങൾ എന്നെ അനുസ്മരിക്കുന്നതിനാലും ഞാൻ നൽകിയ പാരമ്പര്യം അതേപടി സംരക്ഷിക്കുന്നതിനാലും ഞാൻ നിങ്ങളെ പ്രശംസിക്കുന്നു" (1 കോറി.11:2).

പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിനെക്കുറിച്ചു ദൈവവചനം ഇത്ര മനോഹരമായി പഠിപ്പിക്കുമ്പോഴും യേശു ഫരിസേയരുടെ തെറ്റായ പാരമ്പര്യങ്ങളെ നിശിതമായി വിമർശിച്ചതിന്റെ പേരിൽ (മർക്കോ.7:13) അപ്പസ്തോലന്മാർ വഴി ലഭിച്ച നല്ല പാരമ്പര്യങ്ങളെയെല്ലാം തള്ളിപ്പറയുവാൻ ചിലർ തയ്യാറാകുന്നതു മനസ്സിലാക്കുവാൻ വിഷമമുള്ള കാര്യമാണ്.

പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിനെക്കുറിച്ചു ദൈവവചനം ഇത്ര മനോഹരമായി പഠിപ്പിക്കുമ്പോഴും യേശു ഫരിസേയരുടെ തെറ്റായ പാരമ്പര്യങ്ങളെ നിശിതമായി വിമർശിച്ചതിന്റെ പേരിൽ (മർക്കോ.7:13) അപ്പസ്തോലന്മാർ വഴി ലഭിച്ച നല്ല പാരമ്പര്യങ്ങളെയെല്ലാം തള്ളിപ്പറയുവാൻ ചിലർ തയ്യാറാകുന്നതു മനസ്സിലാക്കുവാൻ വിഷമമുള്ള കാര്യമാണ്. ഈ പശ്ചാത്തലത്തിൽ പൗലോസ് നൽകുന്ന ഉപദേശം നമ്മുടെ ഓർമ്മയിലുണ്ടായിരിക്കട്ടെ. അദ്ദേഹം പറയുന്നു: "അലസതയിലും ഞങ്ങളിൽ നിന്ന് സ്വീകരിച്ച പാരമ്പര്യത്തിനിണങ്ങാത്ത രീതിയിലും ജീവിക്കുന്ന ഏതൊരു സഹോദരനിലും നിന്ന് ഒഴിഞ്ഞുനിൽക്കണമെന്ന് സഹോദരരേ, കർത്താവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോട് കല്പിക്കുന്നു" (2 തെസ.3:6).

(തുടരും)

**എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു (യോഹ.14:27).**

(കഴിഞ്ഞ ലക്കം തുടർച്ച)

2

# വിശ്വാസപരിശീലനം സഭയുടെ കാഴ്ചപ്പാടിൽ

# മാതാപിതാക്കളും പരിശീലനവും

### c. ക്രമാനുഗതം

ക്രമാനുഗതമായ ഒരു പഠനപരിശീലന പരിപാടിയാണു വിശ്വാസപരിശീലനം. പടിപടിയായിട്ടാണ് അതിന്റെ ഉള്ളടക്കം വിന്യസിക്കേണ്ടത്. പ്രായഭേദത്തിനും ദേശഭേദത്തിനും അനുസൃതമായ കാര്യങ്ങൾ തീർച്ചയായും പരിഗണിക്കണം. വിശ്വാസപരിശീലനാർത്ഥികളുടെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടുള്ള ക്രമബദ്ധമായ സമീപനം കൂടിയേതീരൂ. അവരുടെ ജീവിതസാഹചര്യങ്ങൾക്കനുസരിച്ചുള്ളതാവണം വിശ്വാസപരിശീലനപ്രക്രിയ.

### 3. ക്രിസ്തീയവിശ്വാസസംഹിതയെന്ന ഉള്ളടക്കം

വിശ്വാസപരിശീലനത്തിന്റെ ഉള്ളടക്കം എന്താണെന്ന വിശകലനം ഇവിടെ ആവശ്യമാണ്. ക്രിസ്തു തന്റെ സ്വർഗാരോഹണത്തിനു മുമ്പു ശിഷ്യന്മാരെ പ്രേഷിതദൗത്യം ഏല്പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ നിങ്ങൾ പഠിപ്പിക്കുവിൻ" (മത്താ. 28:19). മതബോധനത്തിന്റെ ഉള്ളടക്കം യേശു പഠിപ്പിച്ച കാര്യങ്ങളായിരിക്കണമെന്ന് ഈ വചനത്തിൽ നിന്നു വ്യക്തമാകുന്നു. യേശു പഠിപ്പിച്ച കാര്യങ്ങളെല്ലാം ഉൾക്കൊള്ളുന്നതാണു ക്രിസ്തീയ വിശ്വാസസംഹിത. ഇതാണു വിശ്വാസപരിശീലനത്തിൽ പകർന്നു നല്കുന്നത്.

ക്രിസ്തീയവിശ്വാസസംഹിതയിൽ പ്രധാനമായും നാലു കാര്യങ്ങളാണുള്ളത് :

### a. വിശ്വസിക്കുന്നവ

നമ്മൾ വിശ്വസിക്കേണ്ട കാര്യങ്ങളാണ് ഒന്നാമത്തേത്. സഭയുടെ അടിസ്ഥാന വിശ്വാസസത്യങ്ങളാണ് ഇതിലുള്ളത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ വിശ്വാസപ്രമാണം തന്നെ.

### b. പാലിക്കുന്നവ

നാം പാലിക്കാൻ കടപ്പെട്ടിരിക്കുന്ന കാര്യങ്ങളാണിവ. ദൈവം മനുഷ്യരാശിക്കു നല്കിയ പത്തുകല്പനകളാണിവയിൽ മുഖ്യം. തിരുസ്സഭ വിശ്വാസികൾക്കു നല്കുന്ന അഞ്ചു കല്പനകളും നാം പാലിക്കേണ്ടവയാണ്.

### c. അനുഷ്ഠിക്കുന്നവ

വിശ്വാസജീവിതത്തിൽ നാം അനുഷ്ഠിച്ചുപോരേണ്ട കാര്യങ്ങളാണിവ. ഏഴു കൂദാശകൾ ഇവയിൽ സർവ്വപ്രധാനങ്ങളാണ്. വിവിധ തിരുനാളുകളും ഭക്ത്യഭ്യാസങ്ങളും അനുഷ്ഠിക്കേണ്ടവയുടെ പട്ടികയിൽപ്പെടുന്നു.

### d.പ്രാർത്ഥിക്കുന്നവ

നമ്മുടെ വിശ്വാസജീവിതം പ്രാർത്ഥനാജീവിതം കൂടിയാണ്. നമസ്കാരങ്ങളും ജപമാലയും ഇതരപ്രാർത്ഥനകളും ഈ ഗണത്തിൽ ഉൾപ്പെടുന്നു.

ഈ നാലു കാര്യങ്ങളും ക്രമാനുഗതമായും സമഗ്രമായും നല്കുന്ന പ്രബോധന പ്രക്രിയയാണു വിശ്വാസപരിശീലനം.

### 4. വിശ്വാസപരിശീലനം: ലക്ഷ്യനിർവചനം

വിശ്വാസപരിശീലനം എന്തിനുവേണ്ടിയാണു നിർവ്വഹിക്കുന്നത് അഥവാ ഇതിന്റെ ലക്ഷ്യമെന്ത് എന്നതു സുപ്രധാനമായൊരു ചോദ്യമാണ്. ഇതിനുള്ള ഉത്തരം കണ്ടെത്തൽ കൂടുതൽ ഫലപ്രദമായ വിശ്വാസപരിശീലനത്തിനു നമ്മെ സഹായിക്കും. മൂന്നു ലക്ഷ്യങ്ങളാണ് ഇതിനുള്ളത്.

### a. നേരിട്ടുള്ള ലക്ഷ്യം

വിശ്വാസപരിശീലനത്തിന് ഒരു നേരിട്ടുള്ള ലക്ഷ്യമുണ്ട്. വിശ്വാസസ്വാംശീകരണത്തിനു സഹായിക്കുകയെന്നതാണ് ഈ ലക്ഷ്യം. അല്പം വിശദീകരിച്ചാൽ സഭയുടെ വിശ്വാസത്തെക്കുറിച്ചുള്ള അറിവും അനുഭവവും ജീവിതവും സ്വന്തമാക്കി വളരാൻ കുട്ടികളെ സഹായിക്കുകയെന്നതാണു വിശ്വാസപരിശീലനത്തിന്റെ നേരിട്ടുള്ള ലക്ഷ്യം.

### b. അടിസ്ഥാനലക്ഷ്യം

ക്രിസ്തീയജീവിതരൂപീകരണമാണു വിശ്വാസപരിശീലനത്തിന്റെ അടിസ്ഥാനലക്ഷ്യം. ബോധ്യങ്ങൾ, മനോഭാവങ്ങൾ, ശീലങ്ങൾ എന്നിവയിലൂടെ ക്രിസ്തീയജീവിതം സ്വന്തമാക്കി വളരാൻ കുട്ടികളെ സഹായിക്കുകയെന്നതാണ് ഇതിന്റെ അർത്ഥം.

### c. ആത്യന്തികലക്ഷ്യം

ക്രിസ്തുവിനോടും സഭയോടും തദാത്മ്യപ്പെടാൻ കുട്ടികളെ സഹായിക്കുകയെന്നതാണ് വിശ്വാസപരിശീലനത്തിന്റെ ആത്യന്തികലക്ഷ്യം. ഇതിലൂടെ ക്രിസ്തുവിന്റെ കാഴ്ചപ്പാടുകളിലേക്കും മനോഭാവങ്ങളിലേക്കും ജീവിതശൈലികളിലേക്കും കുട്ടികളെ നയിക്കുന്നു. ഈ മൂന്നുലക്ഷ്യങ്ങളും നേടാനുള്ള മാർഗമായി വിശ്വാസപരിശീലനം പരിണമിക്കണം. വിശ്വാസപരിശീലനം എന്തായിരിക്കുന്നോ അതു യാഥാർത്ഥ്യമാകുന്നതു മേല്പ്പറഞ്ഞ ലക്ഷ്യങ്ങൾ നേടുമ്പോൾ മാത്രമാണ്.

## അധ്യായം 2
## വിശ്വാസപരിശീലനം
## വിവിധ തലങ്ങൾ

വിശ്വാസപരിശീലനം സഭയിലെ ഒരു ശുശ്രൂഷയാണെന്നും സഭയ്ക്കുവേണ്ടിയുള്ള ഒരു ശുശ്രൂഷയാണെന്നും സഭാംഗങ്ങളിൽ നിർവ്വഹിക്കപ്പെടുന്ന ഒരു ശുശ്രൂഷയാണെന്നും നാം ഗ്രഹിക്കണം. ഈ ശുശ്രൂഷ നടത്തപ്പെടുന്നതു രണ്ടു തലങ്ങളിലാണ്: കുടുംബതലം, ഇടവകതലം.


**വിശ്വാസപരിശീലനത്തിന്റെ ആദ്യകളരി കുടുംബമാണ്. മാതാപിതാക്കന്മാരാണു കുട്ടികളുടെ പ്രഥമ വിശ്വാസപരിശീലകർ. വിശ്വാസത്തിന്റെ ബാലപാഠങ്ങൾ അവരിൽ കൊളുത്തിവയ്ക്കുന്നതു കുടുംബമാണ്. അതോടൊപ്പം കുട്ടികളുടെ നിതാന്ത വിശ്വാസപരിശീലകരും മാതാപിതാക്കന്മാർ തന്നെയാണ്. സ്വാംശീകരിച്ച വിശ്വാസത്തിൽ വളർച്ചപ്രാപിക്കാനും നിലനിൽക്കാനും അവരെ പ്രേരിപ്പിക്കുകയെന്ന ചുമതലയും മാതാപിതാക്കന്മാർക്കുണ്ട്.**


### 1. കുടുംബതലം

വിശ്വാസപരിശീലനത്തിന്റെ ആദ്യകളരി കുടുംബമാണ്. മാതാപിതാക്കന്മാരാണു കുട്ടികളുടെ പ്രഥമ വിശ്വാസപരിശീലകർ. വിശ്വാസത്തിന്റെ ബാലപാഠങ്ങൾ അവരിൽ കൊളുത്തിവയ്ക്കുന്നതു കുടുംബമാണ്. അതോടൊപ്പം കുട്ടികളുടെ നിതാന്ത വിശ്വാസപരിശീലകരും മാതാപിതാക്കന്മാർ തന്നെയാണ്. സ്വാംശീകരിച്ച വിശ്വാസത്തിൽ വളർച്ചപ്രാപിക്കാനും നിലനിൽക്കാനും അവരെ പ്രേരിപ്പിക്കുകയെന്ന ചുമതലയും മാതാപിതാക്കന്മാർക്കുണ്ട്. പഴയ തലമുറ ഇക്കാര്യത്തിൽ പുലർത്തിയിരുന്ന ശ്രദ്ധയും ജാഗ്രതയും ഇന്നത്തെ തലമുറയ്ക്കു കൈമോശം വന്നിട്ടുണ്ടോയെന്നു പരിശോധിക്കേണ്ടതാണ്.

മൂന്നുവിധത്തിലുള്ള പരിശീലനമാണു കുടുംബങ്ങളിൽ നൽകേണ്ടത്. ........

### a. പ്രബോധനപരമായ പരിശീലനം

നമസ്കാരങ്ങളും പ്രാർത്ഥനകളും പഠിപ്പിക്കൽ, ഉപദേശങ്ങൾ നല്കൽ, വിശ്വാസസംബന്ധമായ കഥകൾ പരിചയപ്പെടുത്തൽ എന്നിങ്ങനെ പ്രായത്തിനനുസരിച്ചു കുട്ടികൾക്കു നല്കുന്ന കാര്യങ്ങളെല്ലാം പ്രബോധനമെന്ന വാക്കു സൂചിപ്പിക്കുന്നു. പ്രബോധനപരമായ പരിശീലനത്തിൽ ഇവയെല്ലാം യഥോചിതം ഉൾച്ചേർന്നിരിക്കും. ഇടവകതല മതബോധനത്തിന്റെ പ്രാരംഭവും അടിസ്ഥാനവും ഇതാവുകയും ചെയ്യും.

(തുടരും)



സീറോ മലബാർ സഭ വനിതാഫോറം ദേശീയ പ്രതിനിധി സമ്മേളനം കൊച്ചി, കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്ത് മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സംസാരിക്കുന്നു. ലിസി വർഗീസ്, സിസ്റ്റർ സാങ്റ്റ സിഎംസി, സിസ്റ്റർ ജോൺസി സിഎംസി, ഡൽസി ലൂക്കാച്ചൻ, മാർ ബോസ്കോ പുത്തൂർ, അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ, മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, ഫാ.ജേക്കബ് പാലയ്ക്കപ്പിള്ളി, റാണി മത്തായി, ഫാ.ജോസഫ് കൊച്ചുപറമ്പിൽ, ജിജി ജേക്കബ്, അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ, ഫാ.ആന്റണി കൊള്ളന്നൂർ, ആനി മത്തായി, എലിയാമ്മ സെബാസ്റ്റ്യൻ പൂവക്കോട്ട്, മാഗി ജോസ് തുടങ്ങിയവർ സമീപം.

**സീറോ മലബാർ സഭ വനിതാഫോറം ദേശീയ സമ്മേളനം**

# വിശ്വാസം പകർന്നു നൽകുന്നതിൽ മാതൃത്വത്തിന്റെ പങ്ക് മഹനീയം:

### കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി: സഭയുടെ ശക്തിയും സമ്പത്തും എന്നും കുടുംബങ്ങളും പ്രത്യേകിച്ച് കുടുംബങ്ങളെ ദീപ്തമാക്കുന്ന മാതാക്കളുമാണെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. സീറോ മലബാർ സഭ വനിതാഫോറം പ്രഥമ ദേശീയസമ്മേളനം സഭാ ആസ്ഥാനമായ കൊച്ചി, കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യക്തിപരമായും സംഘടിതമായും തങ്ങളുടെ ശക്തിയെ ഏകോപിപ്പിച്ച് സഭാശുശ്രൂഷയെ പ്രോജ്വലിപ്പിക്കുന്നവരായി വനിതകൾ മാറണം. ലോകമെമ്പാടുമുള്ള അല്മായ സമൂഹത്തെ സഭയുടെ മുഖ്യധാരയിൽ ശക്തിപ്പെടുത്തുവാൻ വിവിധങ്ങളായ ഫോറങ്ങളിലൂടെ അല്മായ കമ്മീഷൻ ചെയ്യുന്ന സേവനങ്ങൾ മഹത്തരങ്ങളാണെന്നും മാർ ആലഞ്ചേരി സൂചിപ്പിച്ചു. സീറോ മലബാർ സഭ ബിഷപ്സ് സിനഡിനോടനുബന്ധിച്ചു ചേർന്ന ദേശീയ സമ്മേളനത്തിൽ സഭയിലെ എല്ലാ ബിഷപ്പുമാരും പങ്കുചേർന്നു.

വനിതാ ഫോറം പ്രസിഡന്റ് ഡൽസി ലൂക്കാച്ചന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ, വനിതാഫോറം രക്ഷാധികാരി മാർ മാത്യു ആനിക്കുഴിക്കാട്ടിൽ എന്നിവർ അനുഗ്രഹപ്രഭാഷണങ്ങൾ നടത്തി. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് വനിതാഫോറം ഡയറക്ടറി ആനിമേറ്റർ സിസ്റ്റർ ജോൺസി സിഎംസിയ്ക്ക് നൽകി പ്രകാശനം ചെയ്തു. അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി. സെബാസ്റ്റ്യൻ അല്മായ കമ്മീഷൻ ആഗോളതല പ്രവർത്തനങ്ങൾ, വിവിധ ഫോറങ്ങൾ എന്നിവയെക്കുറിച്ച് സംസാരിച്ചു. സീറോ മലബാർ സഭാ ചാൻസിലർ റവ.ഡോ.ആന്റണി കൊള്ളന്നൂർ, സിസ്റ്റർ സാങ്റ്റ സിഎംസി, വനിതാഫോറം ഡയറക്ടർ ഫാ.ജേക്കബ് പാലയ്ക്കപ്പിള്ളി, നിയുക്ത ഡയറക്ടർ ഫാ.ജോസഫ് കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി ലിസി വർഗീസ്, ട്രഷറർ ജിജി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

ചർച്ചകൾക്ക് കൂരിയ ബിഷപ് മാർ ബോസ്കോ പുത്തൂർ മോഡറേറ്ററായിരുന്നു. വിവിധ രൂപതകളിൽ നിന്നും മിഷൻ കേന്ദ്രങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ ചർച്ചകൾക്ക് നേതൃത്വം നൽകി. വനിതാഫോറം എക്സിക്യൂട്ടീവ് അംഗങ്ങളായ മാഗി ജോസ്, ഏലിയാമ്മ സെബാസ്റ്റ്യൻ പൂവക്കോട്ട്, ബെറ്റ്സി ഷാജി, ഡോളി മാത്യു, ഷൈനി ഷാജി, റാണി മത്തായി, ലൗലി ജോളി, റോസ് ഷോംബി, മോളി ജോസഫ്, മേരി സെബാസ്റ്റ്യൻ എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി. സീറോ മലബാർ സഭയിലെ എല്ലാ രൂപതകളിൽ നിന്നുമുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

## കേന്ദ്രസർക്കാരിന്റെ ന്യൂനപക്ഷ ഭവനപദ്ധതി ക്രൈസ്തവരെ ഒഴിവാക്കാനുള്ള നീക്കം അനുവദിക്കുകയില്ല: സീറോ മലബാർ സഭ അല്മായ കമ്മീഷൻ

കൊച്ചി: ഇന്ത്യയിലെ എല്ലാ ന്യൂനപക്ഷ സമുദായങ്ങൾക്കുമായി കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുന്ന ന്യൂനപക്ഷ ഭവനപദ്ധതി ന്യൂനപക്ഷവിഭാഗത്തിലെ ഭൂരിപക്ഷസമുദായത്തിനുമാത്രമായി നടപ്പിലാക്കുവാൻ ചിലകേന്ദ്രങ്ങൾ ശ്രമിക്കുന്നത് കടുത്ത അനീതിയാണെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ.

പ്രധാനമന്ത്രി ന്യൂനപക്ഷക്ഷേമ ത്തിനായി 2005 ഫെബ്രുവരി 25ന് പാർലമെന്റിൽ പ്രഖ്യാപിച്ച പതിനഞ്ചിന പദ്ധതികളുടെ ഭാഗമാണ് ന്യൂനപക്ഷ ഭവനപദ്ധതി. പതിനഞ്ചിനങ്ങളിലെ 11, 12 ഇനങ്ങളിൽ ന്യൂനപക്ഷവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കായി ഇന്ദിര ആവാസ് യോജനയിലൂടെ നിശ്ചിതശതമാനം മാറ്റിവച്ചിരിക്കുന്നു, കൂടാതെ ഇന്റഗ്രേറ്റഡ് ഹൗസിങ് ആന്റ് സ്ലം ഡവലപ്പ്മെന്റ് പ്രോഗ്രാമിലൂടെയും ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷനിലൂടെയും ന്യൂനപക്ഷവിഭാഗങ്ങളുടെ ഭവനജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ നിർദ്ദേശങ്ങളുണ്ട്.

ഇന്ദിര ആവാസ് യോജന പദ്ധതിയിൽ ന്യൂനപക്ഷങ്ങൾക്കും, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്കുമായി പദ്ധതി നിർവ്വഹണത്തിൽ 47 ശതമാനം വീതം സംവരണമേർപ്പെടുത്തുവാൻ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സംസ്ഥാന സർക്കാരിന് മാർഗ്ഗനിർദ്ദേശം നല്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഈ പദ്ധതി അട്ടിമറിക്കുവാൻ ചിലകേന്ദ്രങ്ങൾ ആസൂത്രിതമായി ശ്രമിക്കുകയാണ്. കേരള ജനസംഖ്യയിലെ 19.02 ശതമാനമുള്ള ക്രൈസ്തവ ന്യൂനപക്ഷത്തിലെ ഈ പദ്ധതിക്കർഹരായവരെ മാറ്റിനിർത്തി 24.67 ശതമാനമുള്ള ഇതര ന്യൂനപക്ഷസമുദായത്തിനു മാത്രമായി ഈ കേന്ദ്രസർക്കാർ പദ്ധതി നടപ്പിലാക്കാനുള്ള രാഷ്ട്രീയ ഉദ്യോഗസ്ഥ ലോബികളുടെ നീക്കങ്ങൾ അനുവദിക്കില്ലെന്ന് അല്മായ കമ്മീഷൻ പറഞ്ഞു.

# സീറോ മലബാർ സുവിശേഷവത്കരണ പരിശ്രമങ്ങളുടെ 50 തടസ്സങ്ങൾ

സഭയുടെ സുവിശേഷവത്കരണ സമൂഹത്തിനുള്ളിൽ, സഭയുടെ സുവിശേഷവത്കരണ ദൗത്യത്തിനുള്ളിൽ ഗൗരവപൂർണ്ണമായ ഒരു തടസ്സം ഉണ്ടാകുന്നതായി 1973-ൽ മാർ ജാനുവാരിയൂസ് കണ്ടെത്തി. മിഷനറിമാരുടെ മനഃസ്ഥിതിയെയും ജീവിതശൈലിയെയും അത് ഇന്നും സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.

സഭയിൽ ഇന്ന് ഉറക്കെ ചിന്തിക്കുവാനുള്ള സ്വാതന്ത്ര്യം നിർഭാഗ്യവശാൽ കാർമേഘങ്ങൾ വ്യാപിപ്പിക്കുന്നു. സഭയുടെയും ക്രിസ്തുവിന്റെയും യഥാർത്ഥ ലക്ഷ്യങ്ങളെ ഇരുട്ടിലാഴ്ത്തുന്നു. ചിലർ പെട്ടെന്ന് സ്വാഭാവിക സദ്ഗുണങ്ങളുടെ സൗന്ദര്യത്താൽ ആകർഷിക്കപ്പെട്ടു. ചിലർ അക്രൈസ്തവ മതങ്ങളിലെ മതചിന്തയുടെയും മതാനുഭവത്തിന്റെയും ഔന്നത്യം കണ്ടുവിസ്മയിച്ചു. ചില മിഷനറിമാരും-ദൈവശാസ്ത്രജ്ഞൻമാർ പോലും-നിരാശയിലാണ്ടു. സഭയുടെ മാത്രം മണ്ഡലമെന്ന് തങ്ങൾ കരുതിയിരുന്നത് മറ്റു ഗ്രൂപ്പുകൾ പിടിച്ചെടുത്തതായി അവർ കണ്ടു. അങ്ങനെ കമ്യൂണിസം, ഹ്യൂമനിസം, രാമകൃഷ്ണമിഷൻ, ആര്യസമാജം എന്നിവ ഭയപ്പെടുത്തുന്നു. ക്രിസ്തുമതം പലമതങ്ങളിൽ ഒന്നുമാത്രമാണെന്നു വിശ്വസിക്കാൻ പലരും പ്രേരിപ്പിക്കപ്പെട്ടു. ഈ ആശയക്കുഴപ്പത്തിൽ കുറച്ചുപേർ "പ്രപഞ്ച ക്രിസ്തു" (Cosmic Christ) പോലുള്ള സിദ്ധാന്തങ്ങളിലൂടെ ജീവിക്കാനും രക്ഷപെടാനും തുടങ്ങിയെന്നു തോന്നുന്നു. സമാധാനപൂർണ്ണമായ സഹാസ്തിത്വത്തിനു വേണ്ടിയുള്ള ഒരു പ്രചരണം നടത്തുകയാണ് രക്ഷാമാർഗമെന്നു ചിലർ കരുതി.

ഈ അവസരത്തിലാണ് നമ്മുടെ ലക്ഷ്യങ്ങളെപ്പറ്റി നാം വീണ്ടും ചിന്തിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യേണ്ടത്. അവയെ നാം വ്യക്തവും പര്യാപ്തവും ഏറ്റവും ഉയർന്ന ക്രമത്തിലുള്ളതുമാക്കണം. ക്രിസ്തുവിനെ പ്രഘോഷിക്കുകയെന്ന ദൗത്യത്തിനായി, നമ്മുടെ ആവേശം കുറഞ്ഞിട്ടുണ്ടെങ്കിൽ അത് വീണ്ടും ഉജ്വലിപ്പിക്കണം.

"ക്രിസ്തുവിന്റെ അളവറ്റ സമ്പന്നതയെക്കുറിച്ചുള്ള ദർശനവും അനുഭവവും" (എഫേ.3:9) നമ്മുടെ കാലഘട്ടത്തിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ്. പൗലോസ് ശ്ലീഹാ സഭയുടെ ഒരു ദാസനായി. അതുപോലെ ക്രിസ്തുസന്ദേശം പ്രഘോഷിക്കാൻ നാം ക്ലേശിച്ചു പരിശ്രമിക്കണം.

ക്രൈസ്തവ പ്രേഷിതത്വത്തെക്കുറിച്ചുള്ള ചിന്താക്കുഴപ്പം, ശരിയായ ലക്ഷ്യത്തിന്റെ അഭാവം, ക്രിസ്തുവിനോടും സഭയോടും സമർപ്പണബുദ്ധിയില്ലായ്മ എന്നിവ സഭയ്ക്കുള്ളിലെ തടസ്സങ്ങളാണ്. ക്രിസ്തു നൽകിയ പ്രേഷിതത്വകല്പന വികലമാക്കാതെ അനുസരിക്കുന്നതിൽ അവ തടസ്സം സൃഷ്ടിക്കുന്നു. സുവിശേഷവത്കരണത്തിന്റെ ചൈതന്യത്തെയും ഉള്ളടക്കത്തെയും കുറിച്ച് നാം വീണ്ടും ചിന്തിക്കണം. അവയെ നവീകരിക്കുകയും പുനഃസ്ഥാപിക്കുകയും വേണം. അവയില്ലാതെ മിഷൻ പ്രവർത്തന



മുണ്ടാവുകയില്ല. ദർശനമെങ്ങനെയോ അങ്ങനെയായിരിക്കും ദൗത്യവും. സുവിശേഷവത്കരണത്തെക്കുറിച്ചുള്ള ദർശനം എല്ലാവർക്കും-പ്രത്യേകിച്ച് മിഷനറിമാർക്ക്-സുവ്യക്തമായിരിക്കണം. ആശയക്കുഴപ്പമുണ്ടാകുമ്പോൾ സ്വതന്ത്രമായി സന്തോഷത്തോടെ പ്രവർത്തിക്കാൻ ആളുകൾക്ക് കഴിയുകയില്ല. അവബോധമില്ലാതെ സമർപ്പണമുണ്ടാകുകയില്ല. സുവിശേഷവത്കരണത്തിന്റെ പങ്കിനെയും അതിന്റെ മാർഗ്ഗങ്ങളെയും കുറിച്ച് മിഷനറിമാർക്കും ദൈവശാസ്ത്രജ്ഞന്മാർക്കും യഥാർത്ഥമായ ധാരണയുണ്ടായിരിക്കണം.

01. സീറോ മലബാർ സഭയുടെ പ്രേഷിത പ്രവർത്തനത്തിനുള്ള ഒരു തടസ്സം അതിന്റെ ഭൂപ്രദേശപരമായ പരിമിതിയാണ്. ലത്തീൻ സഭ ശാശ്വതീകരിച്ച ഒരു അനീതിയാണ് അത്. അടിസ്ഥാനമില്ലാത്ത ഭയവും ആകുലതയുമാണ് അതിന്റെ കാരണം. ഇൻഡ്യ വൈവിധ്യത്തിന്റെയും ഐക്യത്തിന്റെയും നാടാണ്. വിവിധ ഭരണം ഉണ്ടായിരിക്കുകയെന്നത് സഭയുടെ പ്രബോധനങ്ങളിൽ ദൃഢമായ അടിസ്ഥാനമുള്ളതാണ്. എന്നാലും ലത്തീൻ സഭ തിരുസ്സഭയുടെ കാതോലികത്വത്തോട് ഇനിയും പൂർണ്ണമായി യോജിച്ചിട്ടില്ല. സീറോ മലബാർ സഭയ്ക്കുള്ള ജന്മാവകാശം അനുഭവിക്കാൻ സ്വന്തം നാട്ടിൽ സ്വന്തം ജനങ്ങൾ കാലവിളംബം വരുത്തുന്നുവെന്നത് നിർഭാഗ്യകരമാണ്. ഇത് ഇന്ത്യയിൽ മാത്രം സംഭവിക്കുന്ന ക്രമക്കേടാണ്. സീറോ മലബാർ സഭ തന്റെ മതവിശ്വാസവും പാരമ്പര്യവും പ്രസംഗിക്കാനും, പ്രചരിപ്പിക്കാനും നിയന്ത്രിക്കപ്പെടാതെ അഭ്യസിക്കാനും ഭരണഘടനാപരമായ ആനുകൂല്യം അനുഭവിക്കുന്നതിനും നീതിപൂർവ്വകമായ. സ്ഥാനം ലഭിക്കാൻ വേണ്ടി സർവ്വശക്തിയും ഉപയോഗിച്ച് പരിശ്രമിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നീതി താമസിപ്പിക്കൽ നീതി നിഷേധിക്കൽ തന്നെയാണ്. ഇൻഡ്യ മുഴുവനിലുമുള്ള ഭരണാധികാരം നേടാൻ ആവുന്നത്ര നേരത്തെ

**സുവിശേഷവത്കരണത്തെക്കുറിച്ചുള്ള ദർശനം എല്ലാവർക്കും-പ്രത്യേകിച്ച് മിഷനറിമാർക്ക്-സുവ്യക്തമായിരിക്കണം. ആശയക്കുഴപ്പമുണ്ടാകുമ്പോൾ സ്വതന്ത്രമായി സന്തോഷത്തോടെ പ്രവർത്തിക്കാൻ ആളുകൾക്ക് കഴിയുകയില്ല. അവബോധമില്ലാതെ സമർപ്പണമുണ്ടാകുകയില്ല. സുവിശേഷവത്കരണത്തിന്റെ പങ്കിനെയും അതിന്റെ മാർഗ്ഗങ്ങളെയും കുറിച്ച് മിഷനറിമാർക്കും ദൈവശാസ്ത്രജ്ഞന്മാർക്കും യഥാർത്ഥമായ ധാരണയുണ്ടായിരിക്കണം.**

പരിശ്രമിക്കുകയെന്നത് സീറോ മലബാർ സഭയുടെ വലിയ കടമയാണ്.

02. സുവിശേഷം പ്രസംഗിക്കേണ്ട പ്രദേശത്തെ ജനങ്ങളുടെ ഭാഷ പഠിക്കാനും അതിൽ പ്രാവീണ്യം നേടാനും താത്പര്യവും സമർപ്പണവും ഇല്ലെന്നതാണ് സഭയുടെ സുവിശേഷവത്കരണ ദൗത്യം നേരിടുന്ന മറ്റൊരു തടസം. ഭാഷാപഠനതാത്പര്യം വർഷം തോറും കുറഞ്ഞുവരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ജനങ്ങളുടെ ഭാഷ പഠിക്കാൻ 1970-കളിലും 1980-കളിലും വലിയ ആവേശമുണ്ടായിരുന്നു. നാട്ടുഭാഷകളിൽ പ്രാവീണ്യം നേടാതെ സുവിശേഷം കാര്യക്ഷമമായി പ്രഘോഷിക്കാൻ കഴിയുകയില്ല. ഇന്നു പരിശീലനം നടക്കുന്നത് മിഷൻ പ്രദേശത്താണ്. എന്നാൽ നമ്മുടെ മിഷൻ പ്രദേശങ്ങളിലെ ഭാഷകൾക്കു നാം കല്പിക്കുന്ന പ്രാധാന്യം നല്കുന്നുണ്ടോയെന്നു വീണ്ടും വിലയിരുത്താൻ സമയമായി. ജനങ്ങളുടെ ഭാഷ പഠിക്കാതിരുന്നാൽ യേശുവിന്റെ സുവിശേഷത്തെ ജനങ്ങളുടെ സംസ്കാരത്തിന്റെ പ്രതിഛായകളും പ്രതീകങ്ങളും ഉപയോഗിച്ച് പകർന്നുനൽകുന്നതിൽ നാം പരാജയപ്പെടും. ഭാഷ പഠിക്കുവോളം പരാജയപ്പെട്ടുകൊണ്ടിരിക്കും.

പൗരസ്ത്യസഭ എന്നും തന്റെ വിശ്വാസവും പാരമ്പര്യവും ചിന്താവിഷയമാക്കുന്നതിലും പ്രകാശിപ്പിക്കുന്നതിലും മുൻനിരയിലായിരുന്നു. പുതിയ ഭാഷകൾ പഠിക്കാൻ അനേകർക്കുള്ളതിനേക്കാൾ സൗകര്യം നമുക്കുണ്ട്. എന്നിട്ട് വേണ്ടത്ര ആവേശം ഇക്കാര്യത്തിൽ പുലർത്തുന്നില്ല. അത് മിഷൻ പ്രവർത്തനത്തിന്റെ അധോഗതിയെ സൂചിപ്പിക്കുന്നുവെന്നു ഞാൻ കരുതുന്നു.

(തുടരും)

"സാക്ഷികളാകുവിൻ" മിഷൻ പഠനങ്ങൾ
റവ.ഡോ.പോളച്ചൻ കോച്ചാപ്പിള്ളി CMI യുടെ
ലേഖനത്തിൽ നിന്ന്



# 'God told me' to resign

## Benedict XVI:

VATICAN CITY (RNS) Pope Emeritus Benedict XVI resigned from the papacy because "God told me" to, according to a report by a Catholic news agency.

The Zenit news agency reported on Monday (Aug. 19) that Benedict decided to step back as a result of what he described as a "mystical experience" that shouldn't be confused with a vision. That experience sparked an "absolute desire" to dedicate his life exclusively to prayer, in a solitary relationship with God, Benedict reportedly said.

Zenit writes that its report is based on the account of one of the few people who are granted a meeting with the former pope, who is living in a retrofitted monastery on the Vatican grounds. Benedict shocked the world with the announcement of his resignation on Feb. 11, becoming the first pope to leave his job in more than 600 years. He told aides he intended to live out his life "hidden from the world."

When he announced his resignation, Benedict told a group of cardinals in Latin that his "strengths" were no longer sufficient "to adequately fulfill the ministry entrusted to me" because of old age. According to the report, Benedict also praised the "charisma" of his successor, Pope Francis, saying that his actions as the leader of the Catholic Church show that his election was "God's will."

RNS-KRE/AMB END SPECIALE




ഗുഡ്നെസ് ടിവിയുടെയും ഡിംസിന്റെയും ബ്ലോഗ്, മീഡിയ ലൈറ്റിന്റെ ഉദ്ഘാടനം ചലച്ചിത്രഛായാഗ്രാഹകൻ സണ്ണി ജോസഫ് നിർവഹിക്കുന്നു, പ്രഫ.ജോസി ജോസഫ്, പ്രിൻസിപ്പൽ ഫാ.ഡെയ്സൻ വെട്ടിയാടൻ, പീറ്റർ കെ.ജോസ് എന്നിവർ സമീപം.

# കത്തോലിക്കാ കോൺഗ്രസ്സ് സഭയുടെ ശബ്ദം:

## കർദ്ദിനാൾ മാർ ആലഞ്ചേരി

- ❑ നേതൃസമ്മേളനം സിനഡ് പിതാക്കന്മാരോടൊപ്പം
- ❑ സമുദായത്തോടുള്ള സർക്കാർ അവഗണനയ്ക്കെതിരെ പ്രമേയം

കൊച്ചി: കത്തോലിക്കാ കോൺഗ്രസ് സഭയുടെ ശബ്ദമാണെന്നും സമുദായത്തിന് ഉണ്ടാകുന്ന ഏത് വെല്ലുവിളിയും ഏറ്റെടുക്കാൻ സംഘടന ശക്തമായെന്നും സീറോമലബാർ സഭ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി.

സീറോ മലബാർ സഭാ സിനഡ് പിതാക്കന്മാരോടൊത്തുള്ള കത്തോലിക്കാ കോൺഗ്രസ്സ് നേതൃസംഗമം സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പാവങ്ങൾക്കും ദുരിതം അനുഭവിക്കുന്നവർക്കും കൈത്താങ്ങാകുവാൻ കത്തോലിക്കാ കോൺഗ്രസ്സ് മുന്നോട്ടുവരണമെന്നും രാജ്യത്തോടും സമൂഹത്തോടുമുള്ള നമ്മുടെ ഉത്തരവാദിത്വം നിറവേറ്റണമെന്നും കർദ്ദിനാൾ ആഹ്വാനം ചെയ്തു.

പ്രസിഡന്റ് ജേക്കബ് മുണ്ടയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് ബിഷപ് ലെഗേറ്റ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ആമുഖ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയന്നിലം സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു. സമുദായത്തോടുള്ള സർക്കാർ അവഗണനയ്ക്കെതിരെ യോഗം പ്രമേയം പാസ്സാക്കി. തലശ്ശേരി ആർച്ചുബിഷപ് മാർ ജോർജ്ജ് വലിയമറ്റം, തൃശൂർ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, കോട്ടയം ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്, ചങ്ങനാശ്ശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തി.

ചർച്ചകൾക്ക് കൂരിയ ബിഷപ് മാർ ബോസ്കോ പുത്തൂർ മോഡറേറ്ററായിരുന്നു. ഡയറക്ടർ ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി, രൂപതാ പ്രസിഡന്റുമാരായ ടോമിച്ചൻ അയ്യരുകുളങ്ങര (ചങ്ങനാശ്ശേരി), ദേവസ്യ കൊങ്ങോല (തലശ്ശേരി), ലാസർ മാസ്റ്റർ (തൃശ്ശൂർ), സെബാസ്റ്റ്യൻ വടശ്ശേരി (എറണാകുളം-അങ്കമാലി), പ്രൊഫ. ജോയി മുപ്രപ്പള്ളിൽ (കോട്ടയം), ജോബി നീണ്ടൂക്കുന്നേൽ (ഡൽഹി-ഫരിദാബാദ്), സി. എം. ഫ്രാൻസീസ് (മാനന്തവാടി), ജോർജ്ജ് കുര്യാത്ത്, പി. കെ. ലോറൻസ് (പാലക്കാട്), ജോളി കുളങ്ങര, ജിബോയിച്ചൻ വടക്കൻ (കോതമംഗലം), ജോസഫ് കുര്യൻ ഏറമ്പടം (ഇടുക്കി), സാജു അലക്സ് (പാലാ) സെക്രട്ടറിമാരായ പ്രൊഫ. ജോസുകുട്ടി ഒഴുകയിൽ, ബേബി പെരുമാലിൽ, പ്രൊഫ. വി.എ. വർഗ്ഗീസ്, ജിൽമോൻ മഠത്തിൽ, അഡ്വ. ടോണി ജോസഫ് എന്നിവർ പ്രസംഗിച്ചു.

# LAITY VOICE

കഴിഞ്ഞ ലക്കം തുടർച്ച...

# ക്രൈസ്തവ വിശ്വാസപ്രഖ്യാപനം

15

## ദൈവത്തിന്റെ ഏകജാതനായ യേശുക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു

### അധ്യായം രണ്ട്

**എന്തുകൊണ്ടാണ് യേശുവിന്റെ ഉയിർപ്പ് സർവ്വാതിശായിയായ ഒരു സംഭവം കൂടിയായത്?**

യേശുവിന്റെ ഉയിർപ്പ് ചരിത്രസംഭവമാകയാൽ അത് സ്ഥിരീകരിക്കാവുന്നതും അടയാളങ്ങളാലും സാക്ഷ്യങ്ങളാലും സ്ഥിരീകരിച്ചതുമാണ്. എന്നാൽ യേശുവിന്റെ ഉയിർപ്പിൽ അവിടുത്തെ മനുഷ്യത്വം ദൈവമഹത്വത്തിൽ പ്രവേശിക്കുന്നതിനാൽ ചരിത്രത്തെ അതിശയിക്കുകയും മറികടക്കുകയും ചെയ്യുന്ന വിശ്വാസത്തിന്റെ ഒരു രഹസ്യമാണ്. ആയതിനാൽ ഉത്ഥിതനായ ക്രിസ്തു ലോകത്തിന് സ്വയം വെളിപ്പെടുത്താതെ ശിഷ്യർക്കുമാത്രം -അവരെ ജനത്തിനുമുമ്പിൽ തന്റെ സാക്ഷികൾ ആക്കിക്കൊണ്ട്-സ്വയം വെളിപ്പെടുത്തി.

**യേശുവിന്റെ ഉത്ഥിത ശരീരം ഏതു സ്ഥിതിയിലാണ്?**

യേശുവിന്റെ ഉയിർപ്പ് ഭൗമികജീവനിലേയ്ക്കുള്ള ഒരു തിരിച്ചുവരവ് ആയിരുന്നില്ല. ക്രൂശിക്കപ്പെട്ടതും പീഡാസഹനത്തിന്റെ തിരുമുറിവുകൾ ഉള്ളതുമായ ഒരു ശരീരമാണ് ഉയിർപ്പിക്കപ്പെട്ടത്. അതേസമയം ഇപ്പോൾ മഹത്വപൂർണ്ണമായ ശരീരത്തിന്റെ പ്രത്യേകതകളോടുകൂടി ദൈവികജീവനിൽ ഈ ശരീരം പങ്കുചേരുന്നു. ഇക്കാരണത്താൽ ഉത്ഥിതനായ യേശുവിന് താൻ ആഗ്രഹിക്കുന്നതുപോലെ എവിടെയും വ്യത്യസ്ത രൂപങ്ങളിൽ ശിഷ്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാനുള്ള തികഞ്ഞ കഴിവുണ്ട്.

**യേശുവിന്റെ ഉയിർപ്പ് പരിശുദ്ധ ത്രിത്വത്തിന്റെ പ്രവൃത്തിയായിരിക്കുന്നത് ഏതു രീതിയിൽ?**

യേശുവിന്റെ ഉയിർപ്പ് ദൈവത്തിന്റെ സർവ്വാതിശായിയായ ഒരു പ്രവൃത്തിയാണ്. ദൈവത്തിലെ മൂന്നാളുകളും താന്താങ്ങളുടെ സവിശേഷതകൾക്കനുസരിച്ച് ഒരുമിച്ചു പ്രവർത്തിക്കുന്നു. പിതാവ് തന്റെ ശക്തി വെളിപ്പെടുത്തി; പുത്രൻ താൻ സ്വതന്ത്രമായി സമർപ്പിച്ച ജീവൻ തന്റെ ദേഹിയും ദേഹവും സംയോജിപ്പിച്ചുകൊണ്ട് തിരിച്ചെടുക്കുന്നു (യോഹ.10:17); ഇതിനെ പരിശുദ്ധാത്മാവ് ജീവിപ്പിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

**യേശുവിന്റെ ഉയിർപ്പിന്റെ രക്ഷാകരമായ അർത്ഥവും പ്രാധാന്യവുമെന്താണ്?**

ഉയിർപ്പ് മനുഷ്യാവതാരത്തിന്റെ പരമകോടിയാണ്. അത് ക്രിസ്തുവിന്റെ ദൈവത്വത്തിന്റെയും അവന്റെ സകല ചെയ്തികളുടെയും പ്രബോധനങ്ങളുടെയും സ്ഥിരീകരണമാണ്. ഒപ്പം ദൈവിക വാഗ്ദാനങ്ങളെയെല്ലാം നമ്മുടെ നന്മയ്ക്കായി അത് പൂർത്തീകരിക്കുന്നു. പാപത്തെയും മരണത്തെയും



വിജയിച്ച ഉത്ഥിതനാണ് നമ്മുടെ നീതീകരണത്തിന്റെയും ഉത്ഥാനത്തിന്റെയും പ്രമാണം. ദൈവത്തിന്റെ ഏകജാതനിലുള്ള ജീവന്റെ യഥാർത്ഥ പങ്കുചേരലായ ദത്തുപുത്രത്വമാകുന്ന കൃപ അത് നമുക്കു നേടിത്തരുന്നു. ഒടുവിൽ, സമയത്തിന്റെ സമാപ്തിയിൽ നമ്മുടെ ശരീരങ്ങളെ അവൻ പുനർജീവിപ്പിക്കും.

> **"യേശു സ്വർഗ്ഗത്തിലേയ്ക്ക് ആരോഹണം ചെയ്ത്, സർവ്വശക്തനായ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്നു"**

**യേശുവിന്റെ സ്വർഗ്ഗാരോഹണം എന്താണ്?**

ക്രിസ്തു ശിഷ്യരുടെ മുമ്പിൽ തന്റെ ഉത്ഥാനമഹത്വം മറച്ചുവച്ച് സാധാരണ മനുഷ്യത്വത്തിൽ പ്രത്യക്ഷപ്പെട്ട് നാല്പതു ദിവസങ്ങൾ കഴിഞ്ഞപ്പോൾ സ്വർഗ്ഗത്തിലേയ്ക്ക് ആരോഹിതനായി. പിതാവിന്റെ വലതുവശത്ത് ഉപവിഷ്ടനായി. തന്റെ മനുഷ്യത്വത്തോടെ ദൈവപുത്രന്റെ നിത്യമഹത്വത്തിൽ യേശുക്രിസ്തു കർത്താവായി വാഴുന്നു. നമുക്കുവേണ്ടി പിതാവിന്റെ പക്കൽ അവിടുന്ന് നിരന്തരം മാദ്ധ്യസ്ഥ്യം വഹിക്കുന്നു. തന്റെ പരിശുദ്ധാത്മാവിനെ നമ്മുടെ മേൽ അയയ്ക്കുകയും നമുക്കായി ഒരുക്കിയ സ്ഥലത്ത് ഒരു ദിവസം അവിടുത്തെ സന്നിധിയിൽ എത്തിക്കുമെന്ന പ്രത്യാശ നമുക്കു നൽകുകയും ചെയ്യുന്നു.

### ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കുവാൻ അവിടുന്ന് വീണ്ടും വരും.

**കർത്താവായ യേശു ഇപ്പോൾ എപ്രകാരമാണ് വാഴുന്നത്?**

മഹത്വീകൃതനായ ക്രിസ്തു പ്രപഞ്ചത്തിന്റെയും ചരിത്രത്തിന്റെയും കർത്താവും തന്റെ സഭയുടെ തലവനുമാണ്. അവൻ ഈ ഭൂമിയിൽ നിഗൂഢമായി സന്നിഹിതനാണ്. ഇവിടെ സഭയിൽ അവന്റെ രാജ്യം ആരംഭവും വിത്തുമെന്ന നിലയിൽ ഇപ്പോൾതന്നെ സന്നിഹിതമാണ്. നമുക്കറിഞ്ഞുകൂടാത്ത ഒരു സമയത്ത് അവൻ മഹത്വീകൃതനായി തിരിച്ചുവരും. ആയതിനാൽ "കർത്താവേ വരണമേ" (വെളി.22:20) എന്നു പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് ജാഗ്രതയിൽ ജീവിക്കാം.

**മഹത്വത്തിലുള്ള കർത്താവിന്റെ വരവ് എങ്ങനെ സംഭവിക്കും?**

കടന്നുപോകുന്ന ഈ ലോകത്തിന്റെ അന്തിമമായ പ്രാപഞ്ചിക തകിടംമറിച്ചിലിനുശേഷം ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ ആഗമനം സംഭവിക്കും. ദ്വിതീയാഗമനവും അവസാനവിധിയും വഴി ദൈവം ആത്യന്തിക വിജയം വരിക്കും. അപ്രകാരം ദൈവരാജ്യം യാഥാർത്ഥ്യമാക്കപ്പെടും.

**ജീവിക്കുന്നവരേയും മരിച്ചവരേയും കർത്താവ് എപ്രകാരമാണ് വിധിക്കുന്നത്?**

മനുഷ്യരാശിയെ രക്ഷിക്കാൻ വന്ന ലോകരക്ഷകൻ എന്ന നിലയിൽ സ്വന്തമാക്കിയ അധികാരം ഉപയോഗിച്ച് ക്രിസ്തു വിധി നടത്തും. ദൈവത്തോടും അയൽക്കാരനോടുമുള്ള ഓരോരുത്തരുടെയും പെരുമാറ്റവും ഹൃദയരഹസ്യങ്ങളും വെളിവാക്കപ്പെടും.

(തുടരും)

Pastoral Centre, P.B.No 22, Kanjirapally-686 007, Kottayam Dt. Kerala, India
Ph: +91 4828 203080, 9447355512
Chief Editor: Adv. V. C. Sebastian
e-mail: laityvoice@gmail.com
Private circulation
SHAIJU.CHACKO7@GMAIL.COM